No.10/2019/SRG/LSGD(3)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.08.2019-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 2.00-മണിക്ക് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

28.08.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 18.00ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 21.44 ശതമാനം വരും ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കോഴിക്കോട് ജില്ലയിലും (20.23%) ഏറ്റവും കുറവ് കൊല്ലം ജില്ലയിലുമാണ് (16.90 ശതമാനം) 237.18 കോടി രൂപയുടെ 5492 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 338.21 കോടി രൂപയുടെ 7751 ബില്ലുകൾ ആണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 18.03% |
| ബ്ലോക്ക് പഞ്ചായത്ത് | 20.78% |
| ജില്ലാ പഞ്ചായത്ത് | 14.14% |
| മുനിസിപ്പാലിറ്റി | 18.81% |
| കോർപ്പറേഷൻ | 18.10% |
| **ആകെ** | **18.00ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | കോഴിക്കോട് | 20.23% |
| 2 | കണ്ണൂർ | 19.49% |
| 3 | വയനാട് | 18.97% |
| 4 | ആലപ്പുഴ | 18.59% |
| 5 | കാസറഗോഡ് | 18.26% |
| 6 | മലപ്പുറം | 18.20% |
| 7 | പത്തനംതിട്ട | 17.92% |

| | | |
|---|---|---|
| 8 | തിരുവനന്തപുരം | 17.75% |
| 9 | ഇടുക്കി | 17.73% |
| 10 | കോട്ടയം | 17.60% |
| 11 | തൃശ്ശൂർ | 17.54% |
| 12 | പാലക്കാട് | 17.21% |
| 13 | എറണാകുളം | 17.03% |
| 14 | കൊല്ലം | 16.90% |

പൊതു വിഭാഗം, SCP,TSP, FCയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCP | TSP | FC |
|---|---|---|---|
| 20.35% | 15.04% | 15.35% | 16.13% |

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ പദ്ധതിച്ചെലവും ഇതേ ദിവസം മുൻ വർഷങ്ങളിലെ ചെലവും താഴെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| 2019-20 | - | 18.00% | പെന്റിംഗ് ബിൽ അടക്കം (21.44%) |
| 2018-19 | - | 23.54% | |
| 2017-18 | - | 17.07% | |
| 2016-17 | - | 0.47% | |

## 2. <u>മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>

### 2.1 27.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.3**

ലൈഫ് മിഷൻ പദ്ധതിയിൽ സ്വന്തമായി 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് രണ്ടു ലക്ഷം രൂപയായി നിരക്ക് നിശ്ചയിച്ചിരുന്നു.

ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും ഈ നിരക്കു തന്നെ മതിയോ എന്ന് പരിശോധിക്കണമെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് നിർദ്ദേശിച്ചിരുന്നതനുസരിച്ച് താഴെപറയും പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകിയ നിരക്കു യോഗം അംഗീകരിച്ചു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും പുതിയ നിരക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അവതരിപ്പിച്ചു. ഇതും യോഗം അംഗീകരിച്ചു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് മിഷൻ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പട്ടികജാതി വികസന വകുപ്പിന്റെ നിരക്കുപ്രകാരം ലൈഫ് മിഷനിൽ വീടുവെക്കാൻ സ്ഥലം വാങ്ങുന്നതിന് 30.07.2019 ലെ കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഇത് ഇനിയും തുടരേണ്ടതില്ലെന്ന് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും വീട് വയ്ക്കാൻ സ്ഥലം വാങ്ങാൻ താഴെ പറയുന്ന നിരക്കാണ് ഇനി ബാധകമെന്നും തീരുമാനിച്ചിരുന്നു.

ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് ഭൂമിവാങ്ങുന്നതിന് ഉള്ള നിരക്ക് താഴെ പറയും പ്രകാരമാണ്. മറ്റു പദ്ധതിപ്രകാരവും വീടുവയ്ക്കാനായി ഭൂമി വാങ്ങുന്നതിന് ഈ നിരക്കുതന്നെ ബാധകമായിരിക്കും.

A) <u>**ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ**</u>

(i) ജനറൽ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക ) - 2 ലക്ഷം രൂപ

(ii) പട്ടികജാതി വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) - 2.25 ലക്ഷം രൂപ

(iii) പട്ടികവർഗ്ഗ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക ) - 2.25 ലക്ഷം രൂപ

B) **മുനിസിപ്പൽ പ്രദേശങ്ങളിൽ**

(i) ജനറൽ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) - 2.70 ലക്ഷം രൂപ

(ii) പട്ടികജാതി വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക ) - 3.00 ലക്ഷം രൂപ

(iii) പട്ടികവർഗ്ഗ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) - 3.00 ലക്ഷം രൂപ

C) **കോർപ്പറേഷൻ പ്രദേശങ്ങളിൽ**

(i) ജനറൽ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) - 5.25 ലക്ഷം രൂപ

(ii) പട്ടികജാതി വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) - 6.00 ലക്ഷം രൂപ

(iii) പട്ടികവർഗ്ഗ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) - 6.00 ലക്ഷം രൂപ

വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ നൽകാവുന്ന പരമാവധി തുകയാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. മേൽസൂചിപ്പിച്ചിട്ടുള്ളതിനേക്കാൾ കുറവാണ് സ്ഥലം വാങ്ങുന്നതെങ്കിൽ ഈ നിരക്കിന് ആനുപാതികമായി ധനസഹായവും കുറവു ചെയ്യേണ്ടതാണ്.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

## 2.2 20.06.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### ഖണ്ഡിക 3.3

06.05.2013-ലെ സ.ഉ.(സാധാ) 1209/2013/തസ്വഭവ നമ്പർ തീരുമാനപ്രകാരം Kerala Social Security Mission ന് തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം നൽകുന്നത് സംബന്ധിച്ച് 27.08.2019-ൽ കൂടിയ യോഗത്തിനു തുടർച്ചയായി ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട വകുപ്പു മേധാവികളുമായി 04.09.2019-ന് നടത്താൻ നിശ്ചയിച്ചിരുന്ന യോഗത്തിനുള്ള തുടർ നടപടി വകുപ്പ് സ്വീകരിക്കണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

### ഖണ്ഡിക 3.6

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ ഏജൻസികളിൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ ജില്ല തിരിച്ച വിശദാംശങ്ങളും പ്രവർത്തികളുടെ എണ്ണവും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി ഡിവിഷൻ ചീഫ് യോഗത്തിൽ അവതരിപ്പിച്ചു.

## പൂർത്തീകരിക്കാത്ത ഡിപ്പോസിറ്റ് വർക്കുകളുടെ വിവരങ്ങൾ

| Sl No | ജില്ല | പ്രോജക്റ്റുകളുടെ എണ്ണം | | | | | | ആകെ ഡിപ്പോസിറ്റ് ചെയ്ത തുക (Rs.in Lakh) |
|---|---|---|---|---|---|---|---|---|
| | | ഏജൻസിയുടെ പേര് | 2015-16 വരെ | 2016-17 | 2017-18 | 2018-19 | ആകെ | |
| 1 | തിരുവനന്തപുരം | KSEB | 19 | 16 | 32 | 78 | 145 | 4005.53 |
| | | KWA | 21 | 41 | 84 | 195 | 341 | 2108.34 |
| | | GWD | 3 | 7 | 21 | 26 | 57 | 322.44 |
| | | OtherAgencies | 1 | 2 | 5 | 8 | 16 | 219.10 |
| | | **Total** | **44** | **66** | **142** | **307** | **559** | **6655.41** |
| 2 | കൊല്ലം | KSEB | 2 | 7 | 18 | 39 | 66 | 677.67 |
| | | KWA | 6 | 9 | 65 | 97 | 177 | 1809.98 |
| | | GWD | 0 | 1 | 18 | 20 | 39 | 354.67 |
| | | OtherAgencies | 0 | 1 | 4 | 8 | 13 | 100.80 |
| | | **Total** | **8** | **18** | **105** | **164** | **295** | **2943.13** |
| 3 | പത്തനംതിട്ട | KSEB | 30 | 20 | 50 | 106 | 206 | 705.88 |
| | | KWA | 42 | 26 | 77 | 81 | 226 | 2205.00 |
| | | GWD | 10 | 1 | 8 | 17 | 36 | 172.12 |
| | | OtherAgencies | 4 | 4 | 7 | 4 | 19 | 181.93 |
| | | **Total** | **86** | **51** | **142** | **208** | **487** | **3264.98** |
| 4 | ആലപ്പുഴ | KSEB | 28 | 37 | 82 | 70 | 217 | 1355.65 |
| | | KWA | 40 | 39 | 36 | 59 | 174 | 1323.13 |
| | | GWD | 6 | 11 | 8 | 11 | 36 | 382.05 |
| | | OtherAgencies | 3 | 6 | 10 | 18 | 37 | 279.20 |
| | | **Total** | **77** | **93** | **136** | **158** | **464** | **3340.03** |
| 5 | കോട്ടയം | KSEB | 4 | 32 | 42 | 74 | 152 | 964.73 |
| | | KWA | 3 | 7 | 39 | 100 | 149 | 949.48 |
| | | GWD | 5 | 12 | 26 | 45 | 88 | 493.90 |
| | | OtherAgencies | 0 | 0 | 0 | 0 | 0 | 0 |
| | | **Total** | **12** | **51** | **107** | **219** | **389** | **2408.11** |
| 6 | ഇടുക്കി | KSEB | | | | 4 | 4 | 4.50 |
| | | KWA | 1 | 18 | 4 | 22 | 45 | 303.82 |
| | | GWD | | | | 14 | 14 | |
| | | OtherAgencies | | | | | 0 | |
| | | **Total** | **1** | **18** | **4** | **40** | **63** | **308.32** |
| 7 | എറണാകുളം | KSEB | 39 | 48 | 102 | 89 | 278 | 796.11 |
| | | KWA | 38 | 12 | 76 | 51 | 177 | 646.08 |
| | | GWD | 0 | 0 | 1 | 0 | 1 | 3.34 |
| | | OtherAgencies | 0 | 0 | 0 | 0 | 0 | 0.84 |
| | | **Total** | **77** | **60** | **179** | **140** | **456** | **1446.37** |
| 8 | തൃശ്ശൂർ | KSEB | 0 | 13 | 27 | 42 | 82 | 617.53 |
| | | KWA | 60 | 21 | 25 | 43 | 149 | 1066.01 |
| | | GWD | 27 | 13 | 24 | 49 | 113 | 470.28 |
| | | OtherAgencies | 0 | 8 | 6 | 2 | 16 | 70.41 |
| | | **Total** | **87** | **55** | **82** | **136** | **360** | **2224.23** |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | പാലക്കാട് | KSEB | 28 | 48 | 43 | 69 | 190 | 1580.13 |
| | | KWA | 9 | 22 | 71 | 103 | 205 | 1229.56 |
| | | GWD | 0 | 0 | 0 | 2 | 2 | 28.36 |
| | | OtherAgencies | | | 1 | 2 | 3 | 17.63 |
| | | **Total** | **37** | **70** | **115** | **176** | **400** | **2855.68** |
| 10 | മലപ്പുറം | KSEB | 0 | 1 | 45 | 58 | 104 | 696.27 |
| | | KWA | 33 | 23 | 79 | 92 | 227 | 2312.72 |
| | | GWD | 4 | 2 | 9 | 20 | 35 | 109.70 |
| | | OtherAgencies | 0 | 0 | 1 | 5 | 6 | 77.58 |
| | | **Total** | **37** | **26** | **134** | **175** | **372** | **3196.27** |
| 11 | കോഴിക്കോട് | KSEB | 2 | 5 | 10 | 6 | 24 | 239.96 |
| | | KWA | 2 | 0 | 14 | 16 | 36 | 309.63 |
| | | GWD | 0 | 0 | 0 | 6 | 6 | 4.41 |
| | | OtherAgencies | 0 | 3 | 25 | 20 | 49 | 259.53 |
| | | **Total** | **4** | **8** | **49** | **48** | **115** | **813.53** |
| 12 | വയനാട് | KSEB | Not Reported | | | | | |
| | | KWA | | | | | | |
| | | GWD | | | | | | |
| | | OtherAgencies | | | | | | |
| | | **Total** | **0** | | | | | |
| 13 | കണ്ണൂർ | KSEB | 3 | 2 | 13 | 28 | 46 | 345.57 |
| | | KWA | 7 | 0 | 6 | 33 | 46 | 303.53 |
| | | GWD | 0 | 0 | 1 | 13 | 14 | 52.90 |
| | | OtherAgencies | | | 1 | 1 | | 10.22 |
| | | **Total** | **10** | **2** | **21** | **75** | **106** | **712.23** |
| 14 | കാസർഗോഡ് | KSEB | 0 | 1 | 7 | 26 | 34 | 486.23 |
| | | KWA | 3 | 12 | 34 | 42 | 91 | 1545.42 |
| | | GWD | 18 | 1 | 32 | 11 | 62 | 262.32 |
| | | OtherAgencies | 0 | 0 | 4 | 1 | 5 | 18.72 |
| | | **Total** | **21** | **14** | **77** | **80** | **192** | **2312.69** |
| | ആകെ | KSEB | 155 | 230 | 471 | 689 | 1548 | 12475.76 |
| | | KWA | 265 | 230 | 610 | 934 | 2043 | 16112.76 |
| | | GWD | 73 | 48 | 148 | 220 | 489 | 2656.50 |
| | | OtherAgencies | 8 | 24 | 64 | 69 | 164 | 1235.96 |
| | | **Total** | **501** | **532** | **1293** | **1912** | **4244** | **32480.98** |

വയനാട് ജില്ലയുടെ വിവരങ്ങൾ പ്ലാനിംഗ് ഓഫീസർ അടിയന്തിരമായി നൽകണം

ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടേയും സെക്രട്ടറിമാരുടേയും യോഗം അടിയന്തിരമായി വിളിച്ചു ചേർത്ത് ഇനി പൂർത്തിയാക്കാനുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.ഏറ്റവും അധികം പെന്റിംഗ് പ്രവൃത്തികളും ചെലവഴിക്കാതെ കിടക്കുന്ന തുകയും തിരുവനന്തപുരത്താണ്. ഇത് പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടി

തിരുവനന്തപുരം ജില്ലാ കളക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സ്വീകരിക്കണം യോഗത്തിലേയ്ക്ക് KSEB, KWA, GWD തുടങ്ങിയ ഏജൻസികളിലെ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരെയും വിളിക്കണം. സംസ്ഥാനതലത്തിൽ KSEB, KWA, GWA – തുടങ്ങിയ ഏജൻസികളുടെ മേധാവികളുടെ യോഗം വിളിച്ചു ചേർത്ത് ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാനും തീരുമാനിച്ചു.

ഇതു സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസർ ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫ് മുഖേന കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകണം. മുകളിൽ പറഞ്ഞ ഏജൻസികളോടൊപ്പം മറ്റ് അക്രഡിറ്റഡ് ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടേയും അതിന്റെ ഉപയോഗവും സംബന്ധിച്ച പരിശോധന നടത്തണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഡി.പി.ഒ, വയനാട്**
**3) എല്ലാ ജില്ലാകളക്ടർമാരും**
**4) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ**

## ഖണ്ഡിക 4.2

**ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ധനസഹായം**

**ബഹു കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 22.11.2018-ലെ HRMP നമ്പർ 1518/16-ാം നമ്പർ ഉത്തരവ് ( LSGD - DA1-184/16)**

ശ്രീ. എം. ജയമോഹൻ, രാധ ഹൗസ്, ജില്ലാ കോടതി വാർഡ്, ആലപ്പുഴ എന്ന ആളുടെ ഹർജിയിന്മേൽ ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിൽ 16.11.2013-ലെ 362/13/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ധനസഹായം നൽകാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ഈ വിഷയത്തിന്മേൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ അസോസിയേഷൻ ഭാരവാഹികളുമായും വകുപ്പ് മേധാവികളുമായും 04.09.2019 ൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## ഖണ്ഡിക 4.15 .

**നാഷണൽ ഹെൽത്ത് മിഷൻ**

**നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ 18.06.2019 ലെ കത്ത്**

2019-20 ൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ NHM മുഖേനയാണ് നടത്തുന്നത്. വിഭാവനം ചെയ്യുന്ന പ്രവൃത്തികൾക്കനുസരിച്ച് നിർമ്മാണം നടത്താൻ സർക്കാർ അനുവദിച്ച തുക തികയുന്നില്ല. ഈ സാഹചര്യത്തിൽ പലപ്പോഴും തദ്ദേശഭരണസ്ഥാപനങ്ങൾ വിഹിതം നൽകാൻ തയ്യാറാകുന്നുണ്ട്. ഇപ്രകാരം NHM ന് തുക കൈമാറാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കണമെന്നതു സംബന്ധിച്ച്.

ഏതെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ് ഇപ്രകാരം കെട്ടിടം നിർമ്മിക്കുന്നത് എന്നതടക്കമുള്ള വിശദ വിവരങ്ങൾ സഹിതം നൽകാൻ നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറോട്ട നിർദ്ദേശിച്ചിരുന്നു. ഇതിന്റെ വിശദാംശങ്ങൾ NHM ഡയറക്ടർ നൽകി.

തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന തോടൊപ്പം ചില കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം ആഴ്ചയിൽ എല്ലാ ദിവസവും 24 മണിക്കൂറാക്കാനും ലക്ഷ്യമിടുന്നു. ആകെയുള്ള 504 കേന്ദ്രങ്ങളുടെ (പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ചേർത്ത്) ജില്ല തിരിച്ച ലിസ്റ്റ് താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം – 42 | 8 | തൃശ്ശൂർ - 48 |
| 2 | കൊല്ലം – 38 | 9 | പാലക്കാട് – 45 |
| 3 | പത്തനംതിട്ട – 26 | 10 | മലപ്പുറം – 42 |
| 4 | ആലപ്പുഴ – 40 | 11 | കോഴിക്കോട് – 37 |
| 5 | കോട്ടയം – 34 | 12 | വയനാട് – 15 |
| 6 | ഇടുക്കി – 25 | 13 | കണ്ണൂർ - 50 |
| 7 | എറണാകുളം – 40 | 14 | കാസറഗോഡ് – 22 |

ഈ വിഷയം 04.09.2019 ൽ ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുമായുള്ള യോഗത്തിൽ ചർച്ച ചെയ്യാനും ചർച്ചയുടെ അടിസ്ഥാനത്തിൽ പിന്നീട്ട പരിഗണിക്കാനും തീരുമാനിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.ബി.) വകുപ്പ്**
**2) NHM ഡയറക്ടർ**

**2.3 30.07.2019 കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.3**

അംഗനവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഓണറേറിയം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വിഹിതം വയ്ക്കുന്നത് സംബന്ധിച്ച് 04.09.2019 ൽ ബന്ധപ്പെട്ട വകുപ്പുമേധാവികളുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു

**നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**ഖണ്ഡിക 4.2**

**മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്**

**മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.06.2019-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22.05.2019-ലെ D1-GL/WF/MJR 2019-ാം നമ്പർ കത്തും.**

**പ്രോ.നം. 32/18**

**പേര്:- സീതാംഗേളി ICDS വനിതാ ഹാൾ നിർമ്മാണം**

സീതാംഗേളി ICDS വനിതാ ഹാൾ നിർമ്മാണത്തിനുള്ള പ്രോജക്ട് 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ടിൽ വെറ്റിംഗ് സമയത്ത് ഭേദഗതി വരുത്തിയതിനുശേഷം വീണ്ടും ജില്ലാ ആസൂത്രണസമിതി അംഗീകാരത്തിനു സമർപ്പിക്കാൻ വിട്ടുപോയി. അതിനാൽ 2019-20-ൽ സ്പിൽ ഓവറായി ചേർക്കാൻ

സാധിച്ചില്ല. ഇത് സ്പിൽ ഓവറായി ചേർക്കാൻ അനുമതിക്കായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.

സാമ്പത്തിക വർഷാവസാനമുള്ള ജോലിത്തിരക്കു കാരണം അംഗീകാരത്തിനു സമർപ്പിക്കാൻ കഴിയാതെ പോയതിനാലാണ് സ്പിൽ ഓവറായി ചേർക്കാൻ വിട്ടുപോയതെന്നും വീഴ്ച മാപ്പാക്കി സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു. സുലേഖയിൽ ആവശ്യമായ ക്രമീകരണം വരുത്താൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**2) ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ**

## ഖണ്ഡിക 4.9

## തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം

**തസ്വഭവ ചീഫ് എഞ്ചിനീയറുടെ 25.03.19 ലെ DB6 6/ജനറൽ/2019/CE/തസ്വഭവ നമ്പർകത്ത് (SRG442/19-LSGD DA1-150/2019).**

നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രോജക്ടുകളുടെ ഭരണാനുമതി, സാങ്കേതികാനുമതി ഇവയ്ക്കുശേഷം ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ തുക റ്റി.എസ്. തുകയേക്കാൾ ചിലപ്പോൾ കുറവായിരിക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ എടുക്കാറുണ്ട്. സുലേഖാ സോഫ്റ്റ് വെയറിൽ പ്രോജക്ട് തുകയാണ് ചേർക്കാറുള്ളത്. ഇത് PWD മാന്വലിനെതിരാണ്. ഈ സാഹചര്യത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ഭരണാനുമതി/ സാങ്കേതികാനുമതി തുകയും ടെണ്ടറിനുശേഷമുള്ള തുകയും പ്രത്യേകമായി ചേർക്കാനുള്ള ക്രമീകരണം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുമായി ചർച്ച ചെയ്ത് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം

**നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## ഖണ്ഡിക 4.17

**ജില്ലാ ആസൂത്രണസമിതി, കൊല്ലം**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.06.2019-ലെ 1930/2019/20/DPC/ DPO/KLM/CC നമ്പർ കത്ത് (SRG - 550/19)**

ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്ട് അടങ്കൽ കുറഞ്ഞത് 5.00 ലക്ഷം രൂപ ആകണമെന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ജില്ലയിൽ ചില ബ്ലോക്ക് പഞ്ചായത്തുകൾ ഈ കുറഞ്ഞ പരിധി പാലിക്കാതെ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്ന റോഡ് നിർമ്മാണത്തിനുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ്

എഞ്ചിനീയർ റിപ്പോർട്ട് നൽകി. എന്നാൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയ റിപ്പോർട്ട് ശരിയല്ല എന്നും വസ്തുതകൾ ഒന്നുകൂടി പരിശോധിച്ച് ആവശ്യമായ നിർദ്ദേശം എഞ്ചിനീയർമാർക്ക് നൽകണം എന്നു യോഗം നിർദ്ദേശിച്ചു. ഈ പ്രവണത ഭാവിയിൽ ഉണ്ടാകരുതെന്ന് കർശനമായി നിർദ്ദേശം നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ,**
**തദ്ദേശസ്വയംഭരണ വകുപ്പ്**

**ഖണ്ഡിക 4.18**

**ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്**

**ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.07.2019-ലെ കത്തും 09.07.2019-ലെ 3(4) -ാം നമ്പർ ഭരണസമതി തീരുമാനവും ( SRG 614/19)**

ലൈഫ് പദ്ധതി പ്രകാരം ഭൂമിയുള്ള ഭവന രഹിതരായ 187 ഗുണഭോക്താക്കളുണ്ട്. ചിന്നക്കനാൽ വില്ലേജിലെ പ്രത്യേകത കാരണം ദീർഘനാളായി താമസിക്കുന്ന ആളുകൾക്കുപോലും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാൻ തടസ്സമുണ്ട്. അതിനാൽ 69 പേർ മാത്രമാണ് ഇതുവരെ എഗ്രിമെന്റ് വച്ചത്. അർഹരായവർക്ക് കാലതാമസം കൂടാതെ കൈവശാവകാശരേഖ നൽകാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

ഇടുക്കിജില്ലാ കളക്ടറുമായി പഞ്ചായത്ത് ഡയറക്ടർ ചർച്ച ചെയ്തു. ജില്ലാ കളക്ടർ താഴെ പറയുന്ന നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. റവന്യൂ ഭൂമി കൈവശമുള്ളവർക്ക് അടിയന്തിരമായി സർവ്വേ നടത്തി കൈവശരേഖ നൽകുന്നതാണെന്നും ടാറ്റ, ഹാരിസൺ എന്നീ കമ്പനികളുടെ കൈവശത്തിലുള്ള ഭൂമിയിൽ താമസിക്കുന്നവർക്ക് കൈവശരേഖ നൽകുന്നതിന് കമ്പനി പ്രതിനിധികളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്നും അറിയിച്ചിട്ടുണ്ട്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ജില്ലാ കളക്ടർ, ഇടുക്കി**

**ഖണ്ഡിക 4.19**

**താനൂർ മുനിസിപ്പാലിറ്റി**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്തും മുനിസിപ്പൽ സെക്രട്ടറിയുടെ 01.11.2018-ലെ കത്തും (SRG - 56/19 CC/476/18)**

2015-16-ൽ താനൂർ മുനിസിപ്പാലിറ്റിയിൽ 135 ഗുണഭോക്താക്കൾക്ക് ഭവന പദ്ധതി നടപ്പാക്കിയിരുന്നു. ഇതിൽ 10 പേർ ഇതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. ഇവർ ലൈഫ് ലിസ്റ്റിലും ഉൾപ്പെട്ടിരുന്നില്ല. ഇവരുടെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്. ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ പറയുന്ന രീതിയിൽ 3 ഗുണഭോക്താക്കൾക്ക് താഴെ പറയും പ്രകാരം തുക നൽകാൻ അനുമതി നൽകുന്നു.

ലൈഫ് മിഷൻ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന വിഭാഗത്തിൽ താനൂർ മുനിസിപ്പാലിറ്റിയിലെ 10 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നില്ല. ഇവരിൽ 7 ഗുണഭോക്താക്കൾ അവരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇവർക്ക് തുക നൽകുന്നതിന് പ്രോജക്ട് (സ്പിൽ ഓവർ) ഉണ്ട് എന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഈ പ്രോജക്ട് പ്രകാരം

7 ഗുണഭോക്താക്കൾക്ക് തുക നൽകാവുന്നതാണെന്നും യോഗം നിരീക്ഷിച്ചു. ബാക്കിയുള്ള 3 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മാനദണ്ഡമനുസരിച്ച് താഴെ പറയും പ്രകാരം നൽകാവുന്നതാണെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തു.

| ക്രമ നം | പേര് വിലാസം | വർഷം | യൂണിറ്റ് നിരക്ക് | കൈപ്പറ്റിയ തുക | ലൈഫ് phase 1 പ്രകാരം നൽകാവുന്ന തുക | നിലവിൽ സ്പിൽ ഓവർ പ്രോജക്ടിൽ വകയിരുത്തിയ തുക | ലൈഫ് phase1 പ്രകാരം അധികമായി നൽകേണ്ട തുക | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|---|---|---|
| 1 | ഉമ്മകുൽസു w/o കുഞ്ഞാവ ഒറ്റയിൽ, എളാരം കടപ്പുറം | 2015-16 | 2,00,000 | 50,000 | 3,00,000 | 1,50,000 | 1,50,000 | തറപ്പണി മാത്രം പൂർത്തീകരിച്ചു |
| 2 | ബേബി, വെളവത്ത് ഓലപ്പീടിക | 2015-16 | 2,00,000 | 1,50,000 | 1,00,000 | 50,000 | 50,000 | മേൽക്കൂര ഭാഗികമായി നിർമ്മിച്ചു |
| 3 | സഫൂറ ചെറുപുരയ്ക്കൽ എളാരം, കടപ്പുറം | 2015-16 | 2,00,000 | 1,50,000 | 1,00,000 | 50,000 | 50,000 | മേൽക്കൂര ഭാഗികമായി നിർമ്മിച്ചു |

ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്ത പ്രകാരം ഈ ഗുണഭോക്താക്കൾക്ക് മുകളിൽ പറഞ്ഞ നിരക്കിൽ തുക നല്കാൻ അനുമതി നൽകുന്നു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## ഖണ്ഡിക 4.31

## കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

**കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.06.2019-ലെ കത്ത് (SRG - 681/19 - LSGD/DA2/303/19)**

സ്കൂൾ കുട്ടികൾക്ക് ഗതാഗത സൗകര്യമൊരുക്കാനുള്ള പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന് അനുമതി നൽകേണ്ടതില്ലെന്നു പഞ്ചായത്തു ഡയറക്ടർ യോഗത്തിൽ അറിയിച്ചതനുസരിച്ച് അനുമതി നിരസിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 3. പൊതുവിഷയങ്ങൾ

3.1 തദ്ദേശഭരണ സ്ഥാപനങ്ങൾ കുടിവെള്ളം, വൈദ്യുതീകരണം എന്നീ പ്രോജക്ടുകൾക്ക് തുക കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യാറുണ്ട്. എന്നാൽ പണി പൂർത്തിയാകുമ്പോൾ ചിലപ്പോൾ ബിൽ തുക ഡെപ്പോസിറ്റ് ചെയ്ത തുകയെക്കാളും കുറവായിരിക്കും. ഈ സേവിംഗ്സ് തുക ഉപയോഗിച്ച് അതതു മേഖലയിൽ തന്നെ അതേ ഏജൻസിയെക്കൊണ്ട് മറ്റു പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.2 കഴിഞ്ഞ വർഷത്തെയും ഈ വർഷത്തേയും പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ പരിപാടികൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. കൂടാതെ SDRF, CMDRF- ൽ നിന്നും ഫണ്ട് നൽകുന്നുമുണ്ട്. ഇതിൽ ചിലതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. എന്നാൽ നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ചും വകയിരുത്തുന്ന തുക സംബന്ധിച്ചും വ്യക്തതയും ഏകോപനവും വരുത്തണമെന്ന് യോഗം വിലയിരുത്തി. ഈ വിഷയം ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ (റൂറൽ) പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ഇതിന്മേലുള്ള റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി നൽകണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

3.3 2019-20- സാമ്പത്തിക വർഷം മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. 2019-20 വർഷിക പദ്ധതി 2018 ഒക്ടോബർ 2 മുതൽ ഡിസംബർ 31 വരെയുള്ള സമയത്തിനകം പൂർത്തിയാക്കണമെന്നായിരുന്നു നിർദ്ദേശം. കേന്ദ്ര സർക്കാർ പറഞ്ഞിരുന്നതും ജനകീയാസൂത്രണത്തിന്റെ മറ്റ് ഉദാത്തമായ പ്രവർത്തനങ്ങളും കേരളത്തിൽ 20 വർഷം മുമ്പ് തന്നെ ആരംഭിച്ചിരുന്നതാണെന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ പോർട്ടലിലേയ്ക്ക് അപ് ലോഡ് ചെയ്യുന്ന ജോലി കേരളം സമയബന്ധിതമായി പൂർത്തീകരിച്ചുവെന്നും യോഗം വിലയിരുത്തി.

ലോകസഭാ തെരഞ്ഞെടുപ്പ് മുൻ നിർത്തി കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി 2018 ഡിസംബർ 31-ന് മുമ്പ് അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു. അതിനാൽ 2019-20-ലെ വാർഷിക പദ്ധതി കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് നടപടിക്രമങ്ങളും സമയക്രമവും പാലിച്ച് പൂർത്തീകരിച്ചു.. കഴിഞ്ഞ വർഷം സ്വീകരിച്ച ഈ നടപടികൾ പാലിച്ച് 2020-21 GPDP തയ്യാറാക്കൽ പ്രക്രിയ 2019 ഒക്ടോബർ 2 മുതൽ ഡിസംബർ 31-നകം പൂർത്തിയാക്കണമെന്ന് 16.07.2019-ലെ DO.No.M-11015/159/2019-CB- നമ്പർ കത്തും യോഗം ചർച്ച ചെയ്തു. കൂടാതെ സംസ്ഥാനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ യോഗം ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കാൻ വകുപ്പിനെ ചുമതലപ്പെടുത്തി.

കത്തിന്മേലുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിരീക്ഷണങ്ങൾ യോഗം നടത്തി.

ഗ്രാമസഭകളിലേയ്ക്ക് ഫസിലിറ്റേറ്റർമാരെ നിയമിക്കുന്നതടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതിനേക്കാൾ മികച്ച രീതിയിൽ കേരളത്തിൽ നടക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സംസ്ഥാന ബജറ്റിലെ പദ്ധതി വിഹിതത്തിന്റെ 25 ശതമാനം ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയാണ്. ഓരോ വർഷവും വരും വർഷത്തെ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നവംബർ മാസത്തോടെ ആരംഭിച്ച് വാർഷിക പദ്ധതി ഫെബ്രുവരി അവസാനം (സംസ്ഥാന ബജറ്റ് അവതരിപ്പിച്ചതിനുശേഷം) ജില്ലാ അസൂത്രണസമിതിക്ക് സമർപ്പിച്ച് അംഗീകാരം

വാങ്ങുന്ന രീതിയാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതിനാൽ GPDP ഡിസംബർ 31-നകം പൂർത്തിയാക്കുന്നതിന് കേരളത്തിൽ ബുദ്ധിമുട്ടുണ്ട്.

എന്നാൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സമയക്രമം കഴിവതും പാലിക്കാൻ പ്രത്യേക ശ്രദ്ധ നൽകുമെന്ന് വിശദീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് കത്തെഴുതാൻ യോഗം തീരുമാനിച്ചു. കൂടാതെ 2019 നവംബർ മാസം മുതൽ GPDP മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ച് 2020 ഫെബ്രുവരി അവസാനം പൂർത്തീകരിക്കുന്ന രീതിയിൽ സമയം ക്രമീകരിക്കുന്നതിന് കേരളത്തിന് പ്രത്യേക അനുമതി നൽകണമെന്നും കേന്ദ്ര സർക്കാരിനോടാവശ്യപ്പെടാൻ യോഗം തീരുമാനിച്ചു. ഇതിനു പുറമെ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ തുടർ നടപടി സ്വീകരിക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിനെ യോഗം ചുമതലപ്പെടുത്തി

**നടപടി :- 1)തദ്ദേശസ്വയംഭരണ(ഐ.ബി) വകുപ്പ്**

3.4 01.08.2019 ലെ 6105/2019/ ധന ഉത്തരവ്വ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വികസന ഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ ഗഡു നൽകിയപ്പോൾ വിവിധ ആവശ്യങ്ങൾക്കായി (ഉദാ. KWAക്കു നൽകേണ്ട വെള്ളക്കര കുടിശ്ശിക, ലൈഫ് ഭവന പദ്ധതി പ്രകാരം ഹഡ്കോയ്ക്ക് നൽകേണ്ട മുതൽ തുകയുടെ തിരിച്ചടവ്) രണ്ടാം ഗഡുവിൽ നിന്നും ധനവകുപ്പ് തുക കുറവു ചെയ്തിട്ടുണ്ട്. ഇപ്രകാരം ചെയ്ത കുറവ് അതത് തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിചെലവായി ഐ.കെ.എം. സോഫ്റ്റ് വെയറിൽ വരുത്തുന്നതിന് ആവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം. കൂടാതെ അംഗനവാടി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള അധിക ഓണറേറിയം, അമൃത് (AMRUT) പദ്ധതിയിൽ ബന്ധപ്പെട്ട നഗരസഭകളുടെ അഞ്ചാം ഗഡു തിരിച്ചടവ് എന്നിവ ട്രഷറിയിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യണം. ഈ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് പ്രോജക്ട് തയ്യാറാക്കി നടപടി സ്വീകരിക്കണം.

**നടപടി –1) തദ്ദേശസ്വംഭരണ(ഇ.പി.എ) വകുപ്പ്**

**2) തദ്ദേശസ്വംഭരണ(ഡി.സി) വകുപ്പ്**

**3)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

3.5 തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടാതെ തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതികൾ പ്രളയക്കെടുതിയെ നേരിടാൻ നടപ്പാക്കുന്നുണ്ട്. ഇതുകൂടി ഐ.കെ.എം സോഫ്റ്റ് വെയറിൽ കൊണ്ടുവരുന്നതിന്റെ സാധ്യത ഐ.കെ.എം. പരിശോധിക്കണം. ഇതിന്മേൽ ചെയ്യാൻ കഴിയുന്ന ക്രമീകരണം സംബന്ധിച്ച് അടുത്ത കോർഡിനേഷൻ കമ്മിറ്റിക്കു മുമ്പായി ഒരു റിപ്പോർട്ട് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം.

**നടപടി –1) തദ്ദേശസ്വംഭരണ(ഇ.പി.എ) വകുപ്പ്**

**2). എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

3.6 നിർമ്മാണ പ്രവൃത്തികളുടെ വെറ്റിംഗ്, സാങ്കേതികാനുമതി എന്നിവയുടെ സ്റ്റാറ്റസ് മികച്ച നിലയിലല്ല എന്നു യോഗം വിലയിരുത്തി. സംസ്ഥാനത്ത് 43 ശതമാനം നിർമ്മാണ പ്രോജക്ടുകൾക്കാണ് ഇതുവരെ സാങ്കേതികാനുമതി നൽകിയത്. കോഴിക്കോട്, മലപ്പുറം , ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ സാങ്കേതികാനുമതി നൽകിയിരിക്കുന്നത് ഇതിലും കുറവാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു. ഈ ജില്ലകളിൽ

പ്രത്യേക അവലോകനം നടത്താൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ വെറ്റിംഗ്, സാങ്കേതികാനുമതി എന്നിവ നൽകിയതിന്റെ വിവരങ്ങൾ ജില്ല തിരിച്ച് താഴെപ്പറയും പ്രകാരം നൽകണം.

| **തദ്ദേശഭരണ സ്ഥാപനം** | **സാങ്കേതികാനുമതി വേണ്ട ആകെ പ്രോജക്ടുകൾ** | **വെറ്റിംഗ്/സാങ്കേതികാനുമതി നൽകിയത്** | **ശതമാനം** |
| --- | --- | --- | --- |
| ഗ്രാമപഞ്ചായത്ത് | | | |
| ബ്ലോക്ക് പഞ്ചായത്ത് | | | |
| ജില്ലാ പഞ്ചായത്ത് | | | |
| മുനിസിപ്പാലിറ്റി | | | |
| കോർപ്പറേഷൻ | | | |

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

3.7 ലൈഫ് ഭവന പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ ഒരു അവലോകന റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം. നേട്ടങ്ങളും നേരിടുന്ന പ്രശ്നങ്ങളും വിശദമായി നൽകണം. ലൈഫ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ചെയ്യണം

**നടപടി –1) തദ്ദേശസ്വംഭരണ(ഡി.ബി) വകുപ്പ്**

**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

3.8 തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകളിന്മേൽ മുഖ്യനിർവ്വഹണ സ്ഥാപനത്തിന് തുക കൈമാറുന്ന രീതിയാണ് നിലനിന്നിരുന്നത്. ഇതിനു പകരം അലോട്ട്മെന്റ് രീതി കഴിഞ്ഞവർഷം ധനവകുപ്പ് കൊണ്ടുവന്നുവെങ്കിലും 31.03.2019 വരെ ഇതു നടപ്പാക്കുന്നതു മാറ്റിവച്ചിരുന്നു. അലോട്ട്മെന്റ് രീതി തദ്ദേശഭരണസ്ഥാപനങ്ങൾക്കും, ഗുണഭോക്താക്കൾക്കും വലിയ ബുദ്ധിമുണ്ടാക്കും എന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഈ സാഹചര്യത്തിൽ മുൻപ് നിലനിന്നിരുന്ന രീതി (മുഖ്യ നിർവ്വഹണ സ്ഥാപനത്തിന് തുക കൈമാറുന്ന രീതി) തുടരണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് ഐ.കെ.എം. ടെക്നിക്കൽ ടീമും ധനവകുപ്പ് ഫിനാൻസ് സെൽ ജോയിന്റ് സെക്രട്ടറി ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ചർച്ച ചെയ്ത് ധാരണയിലെത്താൻ യോഗം നിർദ്ദേശിച്ചു. യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

3.9 മാർഗ്ഗരേഖപ്രകാരം സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് മിഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില നൽകുക, സാക്ഷരതാമിഷന് അടയ്ക്കേണ്ടതായ ഫീസ് എന്നിവക്കായി ഗ്രാമ/ജില്ല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. പൊതുവിഭാഗം വികസന ഫണ്ടിനോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ആവശ്യമായ തുക എസ്.സി.പി/റ്റി.എസ്.പി വിഹിതത്തിൽ നിന്നും വകയിരുത്താവുന്നതാണ് എന്നു നിർദ്ദേശം നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.10 വനിതാ ശിശു വികസന പ്രോജക്ടുകൾ സാമൂഹ്യനീതി വകുപ്പാണ് നിർവഹണം നടത്തിയിരുന്നത്. എന്നാൽ വനിതാ ശിശു വികസനത്തിന് പ്രത്യേക വകുപ്പ് ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ടതും വനിതാ ശിശുവികസനത്തിന്റേയും പ്രോജക്ടുകൾ നിർവഹണം നടത്താനും വെറ്റിംഗ് നടത്താനുമുള്ള ചുമതല നിശ്ചയിച്ച് ആവശ്യമായ ക്രമീകരണം സുലേഖ/സാംഖ്യ സോഫ്ട് വെയറിൽ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പഞ്ചായത്തിന്റെ വനിതാ ശിശുവികസന മേഖലയിലെ പ്രോജക്ടുകൾ ജില്ലാ ഓഫീസർ, വനിത ശിശു വികസനം ആണ് നിർവഹണം നടത്തേണ്ടത്. എന്നാൽ ഈ ഉദ്യോഗസ്ഥന് DDO കോഡ് ഇല്ല. അതിനാൽ വനിതാ ശിശു വികസനം ജില്ലാ ഓഫീസർക്ക് DDO കോഡ് അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**2) ധനവകുപ്പ്**

3.11 തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാ ആസൂത്രണസമിതി തലത്തിലും പരിഹരിക്കാവുന്ന പല വിഷയങ്ങളും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാറുണ്ട്. ഇതൊഴിവാക്കാനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഷയങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന നൽകണമെന്ന് നിർദ്ദേശിച്ചിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിക്കു തരുന്ന വിഷയങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസർ വിശദമായി പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ തന്നെ തീരുമാനമെടുക്കേണ്ടവ തിരികെ നൽകേണ്ടതാണ്. ജില്ലാ ആസൂത്രണസമിതി തലത്തിലോ ജില്ലാ പ്ലാനിംഗ് ഓഫീസ് തലത്തിലോ പരിഗണിക്കേണ്ടവ അതതു തലത്തിൽ തീരുമാനമെടുത്ത് തിരികെ നൽകണം. കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകുന്നവ ജില്ലാ പ്ലാനിംഗ് ഓഫീസർമാർ വിശദമായി പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുവേണം കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകേണ്ടത്. ഈ കാര്യത്തിൽ വ്യക്തമായ നിർദ്ദേശം സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കു നൽകണം. അപൂർണ്ണമായവയും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനാ വിഷയമല്ലാത്തവയും തദ്ദേശഭരണ സ്ഥാപനത്തിനോ ജില്ലാ പ്ലാനിംഗ് ഓഫീസർക്കോ എസ്.ആർ.ജി.യിൽ നിന്നു തിരികെ നൽകേണ്ടതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**2) ചീഫ്, സംസ്ഥാന ആസൂത്രണ ബോർഡ് (ഡി.പി. ഡിവിഷൻ)**

**3) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

## 4. പ്രത്യേക വിഷയങ്ങൾ

===================

### 4.1 ജില്ലാ കൗൺസിൽ ഫോർ ചൈൽഡ് വെൽഫയർ, തൃശ്ശൂർ

**തൃശ്ശൂർ ജില്ലാ കൗൺസിൽ ഫോർ ചൈൽഡ് വെൽഫയർ സെക്രട്ടറിയുടെ 29.01.2019-ലെ കത്ത് (SRG 457/19 LSGD/DA1/103/2019-LSGD)**

ശിശുക്ഷേമ സമിതികളുടെ ആഭിമുഖ്യത്തിൽ ജില്ലയിൽ 14 ക്രഷേകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര സഹായം ഇപ്പോൾ കൃത്യമായി ലഭിക്കുന്നില്ല. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ വികസനഫണ്ടിന്റെ 5 ശതമാനം തുക കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനായി മാറ്റിവയ്ക്കണമെന്നുണ്ട്. ഈ വിഹിതത്തിൽ നിന്നും ക്രേഷേകളുടെ പ്രവർത്തനത്തിന് തുക വകയിരുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-**

1) ഇതു സംബന്ധിച്ച് സംസ്ഥാനത്താകെ ബാധ്യത എത്ര? എന്തുകൊണ്ട് കേന്ദ്ര വിഹിതം ലഭിക്കുന്നില്ല? എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ വനിതാശിശു വികസന ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.
2) കൂടാതെ ഈ വിഷയം 04.09.2019-ലെ ബഹു. ആരോഗ്യ വകുപ്പമന്ത്രിയുമായുള്ള ചർച്ചയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) വനിതാ ശിശു വികസന ഡയറക്ടർ**

### 4.2 ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.07.2019-ലെ കത്തും 10.06.2019-ലെ 14(01)-ാം നമ്പർ തീരുമാനവും ബാലുശ്ശേരി താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസറുടെ പ്രൊപ്പോസലും ( SRG 697/19/CC/447/19)**

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന 3 ഡോക്ടർമാർ, 2 ഹോസ്പിറ്റൽ അറ്റൻഡർമാർ ഒരു ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-**

1) നിലവിലെ ഉത്തരവിൽ പറയുന്ന ആൾക്കാരെ നിയമിക്കുന്നതിന് (എണ്ണം പരിമിതപ്പെടുത്തി) ബ്ലോക്ക് പഞ്ചായത്തിന് നടപടി സ്വീകരിക്കാവുന്നതാണ്.
2) അധികം ആൾക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

### 4.3 ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

**ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 08.08.2019-ലെ കത്തും അനുബന്ധ കുറിപ്പും ( SRG/740/19)**

***പ്രോ.നം. 41/20 അടങ്കൽ - 22,50,000/-- രൂപ***

***പേര്:- മൊബൈൽ ജെറിയാട്രിക് പാലിയേറ്റീവ് ക്ലിനിക്ക്***

പ്രായം ചെന്നവരും പ്രയാസമനുഭവിക്കുന്നവരുമായ രോഗികൾക്ക് മൊബൈൽ ജറിയാട്രിക് ക്ലിനിക്കിനുള്ള ഈ പദ്ധതി നടപ്പാക്കാൻ അനുമതി സംബന്ധിച്ച് വികസനഫണ്ട് താഴെപ്പറയും പ്രകാരമാണ് ചെലവഴിക്കുന്നത്.

| | | |
|---|---|---|
| (i) | വാഹന വാടക | - 7,20,000/- രൂപ |
| (ii) | ഉപകരണങ്ങൾ വാങ്ങൽ | - 1,55,200/- രൂപ |
| (iii) | മരുന്ന് | - 5,00,000/ രൂപ |
| (iv) | ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ് വേതനം | - 8,74,800/- രൂപ |
| | **ആകെ** | **- 22,50,000/- രൂപ** |

**തീരുമാനം** :- 1) അനുമതി നിരസിച്ചു. ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് വിഹിതം നൽകാവുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

## 4.4 നിലമ്പൂർ നഗരസഭ

**ബഹു. രാജ്യസഭാ എം.പി ശ്രീ അബ്ദുൾ വഹാബ്.വി.യുടെ കത്തും നിലമ്പൂർ നഗരസഭാ സെക്രട്ടറിയുടെ 18.04.2018-ലെ G2/G3-3507/17-ാം നമ്പർ കത്ത് (SRG 708/2019)**

നഗരസഭയിലെ വിവിധ പ്രദേശങ്ങളിലായി 9 പട്ടികവർഗ്ഗ സങ്കേതങ്ങളും 13 പട്ടികജാതി സങ്കേതങ്ങളും ഉണ്ട്. ഇവിടത്തെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ഫെസിലിറ്റേറ്റർമാരെ വയ്ക്കാനും അവർക്ക് പ്രതിമാസം 4000/- രൂപ വേതനം നൽകാനും അനുമതി സംബന്ധിച്ച്.

**തീരുമാനം** :- 1) ഇതുവരെയും ഓണറേറിയം നൽകിയതിന്മേലുള്ള ഓഡിറ്റ് കുറിപ്പ സംബന്ധിച്ച് നടപടികൾക്കായി വകുപ്പിനു നൽകണം.

2) ഇതിന്റെ ആവശ്യകത അടക്കം മറ്റു കാര്യങ്ങൾ പരിശോധിച്ച് പട്ടികജാതി വികസന ഡയറക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടറും റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**
**1) പട്ടിക വർഗ്ഗ വികസന ഡയറക്ടർ,**
**2) പട്ടികജാതി വികസന ഡയറക്ടർ**

## 4.5 ഇടുക്കി ജില്ലാ പഞ്ചായത്ത്

**ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.08.2019-ലെ 2820/18/DPC/DPO/IDK നമ്പർ കത്ത്**

ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ നൂറടിപ്പാലം, ശാന്തിപ്പാലം എന്നിവയുടെ അപ്രോച്ച് റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചു. ഈ അപ്രോച്ച് റോഡുകൾ പുനർനിർമ്മിക്കാൻ നൂറടിപ്പാലത്തിന് 19.00 ലക്ഷം രൂപയുടേയും ശാന്തിപ്പാലത്തിന് 35.00 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി

ഗുണഭോക്തൃസമിതി/ ക്വട്ടേഷൻ/എമർജൻസി ക്വട്ടേഷൻ/ഡയറക്ട് എക്സിക്യൂഷൻ വഴി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ആവശ്യം പരിഗണിച്ചില്ല. പ്രോജക്റ്റുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ ജില്ലാ ആസൂത്രണസമിതിയാണ് തീരുമാനമെടുക്കേണ്ടത്. നിർവഹണരീതി സംബന്ധിച്ച് നിലവിലെ മാനദണ്ഡം പാലിക്കാൻ നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.6 കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

**കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 27.07.2019-ലെ DKSA 637/SS3/2019**

താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

1) നിലവിൽ സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റ് കണക്കിൽ ചേർക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് നിയമചട്ട വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. (GO(P)NO.119/2015/FIN 21.03.2015) ഇതു പരിഹരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- ഓഡിറ്റ് ഡയറക്ടർ ഈ വിഷയം ധന വകുപ്പുമായി ചർച്ച ചെയ്യാൻ നിർദ്ദേശിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**
**2) കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**
**3) ധനവകുപ്പ്**

2) വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ നിന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ (വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ) പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ലൈഫ് പദ്ധതിയിൽ വ്യാപകമായ ക്രമരാഹിത്യം ഉണ്ടെന്നുള്ളത് സംബന്ധിച്ച്.

**തീരുമാനം** :- 1) ഈ വിഷയം ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ചർച്ച ചെയ്ത് അന്തിമ റിപ്പോർട്ട് തയ്യാറാക്കി തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**
**3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

## 4.7 അയ്മനം ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.06.2019-ലെ കത്തും (SRG/19/CC - 364/19)**

അപ്പർ കുട്ടനാട് മേഖലയിൽ ഉൾപ്പെട്ടതാണ് അയ്മനം ഗ്രാമപഞ്ചായത്ത്. ഇവിടെ ഗ്രാവൽ മണ്ണിന്റെ മാർക്കറ്റ് നിരക്ക് LSGD - നിരക്കിനേക്കാൾ കൂടുതലാണ് ഇതിനാൽ ഗ്രാവൽ മണ്ണുപയോഗിച്ചുള്ള പ്രവൃത്തി നടപ്പാക്കാൻ ബുദ്ധിമുട്ടാണ്. പൊതു

മരാമത്ത് പ്രവൃത്തിയായ പഞ്ചായത്തിലെ മണിയാപറമ്പ് - ചീപ്പുങ്കൽ റോഡിന് എം ക്യൂബിന് 400/- രൂപ ഉൾപ്പെടെ പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്. 40 കിലോമീറ്റർ വരെ യഥാർത്ഥ കൺവയൻസും അംഗീകരിച്ചിട്ടുണ്ട്. ഈ നിരക്ക് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് പ്രവൃത്തികൾക്കും ബാധകമാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- പാലാ നിയമസഭാ മണ്ഡലത്തിലെ ഉപ തെരഞ്ഞെടുപ്പ മായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ പരിഗണിച്ചില്ല.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.8 ഏലൂർ മുനിസിപ്പാലിറ്റി

**ഏലൂർ നഗരസഭ ചെയർപേഴ്സണിന്റെ 14.06.2019-ലെ PW3-12375/18-ാം നമ്പർ കത്തും CC -യുടെ 27.02.2019-ലെ തീരുമാനവും ( ഖണ്ഡിക 4.30) SRG 756/19)**

***പ്രോ.നം.350/19*** ***അടങ്കൽ : 12,00,000/- രൂപ***

***TSP വിഹിതം :- 10,78,700/- രൂപ***

***തനത് ഫണ്ട് :- 1, 21, 300/- രൂപ***

***പേര്:- എസ്.റ്റി വിഭാഗക്കാർക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ***

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള രണ്ട് കുടുംബത്തിന് വീടിനു സ്ഥലം വാങ്ങുന്നതിന് 6.00 ലക്ഷം രൂപ വീതം ധന സഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കുറഞ്ഞത് 2 സെന്റ് സ്ഥലം വാങ്ങുമ്പോൾ 6.00 ലക്ഷം രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഇവർ സ്ഥലം വാങ്ങി. 4.50 ലക്ഷം രൂപ വീതം ഗുണഭോക്താക്കൾക്ക് നൽകി. അധികമായി 1.50 ലക്ഷം രൂപ കൂടി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- 27.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ച വിഷയമാണെന്ന് യോഗം നിരീക്ഷിച്ചു. ഇനിയും കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.9 കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

**കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.10.2018-ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന റിപ്പോർട്ടുകളും ( (SRG/691/19/ LSGD - RC2 - 157/18)**

സംഗീതജ്ഞനായിരുന്ന ശ്രീ രവീന്ദ്രൻ മാസ്റ്ററുടെ ജന്മനാടായ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി 'രാഗസരോവരം' എന്ന സ്മാരക കെട്ടിടത്തിന്റെ നിർമ്മാണം 2009-10-ൽ ആരംഭിച്ചു. 40 ശതമാനം പൂർത്തിയായി. പിന്നീട് നിർമ്മാണ പ്രവർത്തനം നടന്നില്ല. 29.01.2015-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്മാരക നിർമ്മാണം പുനരാരംഭിക്കാൻ തീരുമാനിച്ചു. 2018-19-ൽ 168/19 പ്രകാരം പ്രോജക്ട് ഉൾപ്പെടുത്തി. ആകെ എസ്റ്റിമേറ്റ് തുക 90.00 ലക്ഷം രൂപ. തനത് ഫണ്ട് 40.00 ലക്ഷം രൂപയും , വികസനഫണ്ട് 10.00 ലക്ഷം രൂപയും ബഹു. വനം വകുപ്പ മന്ത്രിയും പുനലൂർ എം.എൽ.എ.യുമായ അഡ്വ.

കെ. രാജുവിന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് 40.00 ലക്ഷം രൂപയും ആണ് വകയിരുത്തിയിരിക്കുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന്റെ ചുമതല ശ്രീ.രാജീവ് അഞ്ചലിനെ ഏൽപ്പിക്കുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** :- ഇതു പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു. പരിശോധിക്കുന്നതിനായി ഫയൽ ചീഫ് എഞ്ചിനീയർക്ക് കൈമാറേണ്ടതാണ്.
ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.10 പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി

**പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 05.08.2019-ലെ PC/605/2019-ാം നമ്പർ കത്ത് (SRG-755/19)**

24,000 കർഷകരുടെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നതാണ് പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി. ഈ കമ്പനിക്ക് പ്രവർത്തന മൂലധനം കണ്ടെത്തുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്തും കൊയിലാണ്ടി താലൂക്കിലെ ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** :- അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതിനായി മാറ്റി വച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.11 തദ്ദേശസ്വയംഭരണ എഞ്ചിനിയേഴ്സ് അസോസിയേഷൻ

**തദ്ദേശസ്വയംഭരണ എഞ്ചിനിയേഴസ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയുടെ 17.01.2019-ലെ കത്ത്. (SRG.689/19-LSGD -DC3/127/2019)**

നിലവിലെ ഉത്തരവനുസരിച്ച് 5.00 ലക്ഷം രൂപയിലധികമുള്ള നിർമ്മാണ പ്രവൃത്തികളെല്ലാം ഇ-ടെണ്ടർ ചെയ്യണം. 50,000/- രൂപ മുതൽ 5.00 ലക്ഷം വരെ അടങ്കലുള്ളത് ടെണ്ടറോ ഇ- ടെണ്ടറോ ചെയ്യാം. 50,000/- രൂപയിൽ താഴെയുള്ളവ ഗുണഭോക്തൃ സമിതി മുഖേനയോ, ടെണ്ടർ മുഖേനയോ, ഇ-ടെണ്ടർ മുഖേനയോ നിർവ്വഹണം നടത്താം. ഇതു ഭേദഗതി ചെയ്ത് 50,000/- രൂപയിൽ അധികം അടങ്കലുള്ള മുഴുവൻ നിർമ്മാണ പ്രവൃത്തികളും ഇ-ടെണ്ടർ ചെയ്യണമെന്ന നിബന്ധന കൊണ്ടുവരണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പരിഷ്കരിക്കുമ്പോൾ ഇതു പരിഗണിക്കുന്നതിന് നിർദ്ദേശിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) സ്റ്റേറ്റ് റിസോഴസ് ഗ്രൂപ്പ്**

## 4.12പാമ്പാടി ഗ്രാമപഞ്ചായത്ത്

**പാമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.11.2017-ലെ കത്ത് ( (SRG/692/19/LSGD - DA3 - 456/17)**

പാമ്പാടി ഗ്രാമപഞ്ചായത്തിൽ 13-ാം വാർഡിൽ (സെന്റ് തോമസ് ഗവ. എൽ.പി.എസ്) 2016-17-ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് കുഴൽ കിണർ കുഴിക്കുന്നതിന് (പ്രോ. 250/17 )1,50,000/- രൂപ ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ കിണർ കുഴിക്കാൻ നിശ്ചയിച്ച സ്ഥലത്ത് ജലനിധി പദ്ധതിയിൽ ജലസംഭരണി നിർമ്മിച്ചു. ഇവിടെ കുഴൽ കിണർ ആവശ്യമില്ല അതിനാൽ ഈ തുക ഉപയോഗിച്ച് 6-ാം വാർഡിൽ കുഴൽ കിണർ നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- പാലാ നിയമസഭാ മണ്ഡലത്തിലെ ഉപ തെരഞ്ഞെടുപ്പു മായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ പരിഗണിച്ചില്ല.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**
**2)സ്റ്റേററ് റിസോഴ്സ് ഗ്രൂപ്പ്**

## 4.13 തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.07.2019 -ലെ കത്ത് ( (SRG/664/19/CC - 166/19)**

***പ്രോ.നം. 116/19*** ***അടങ്കൽ 1,29,067/- രൂപ***
***(വികസന ഫണ്ട്)***

***പേര്: പകൽവീട്***

കാരക്കുന്ന് പകൽ വീട്ടിലേയ്ക്ക് വരുന്ന പ്രായമായവർക്ക് യാത്രാ അലവൻസായി പ്രതിമാസം 1000/- രൂപ നൽകുന്നതു സംബന്ധിച്ച്

**തീരുമാനം** :- അനുമതി നിരസിച്ചു

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

## 4.14കണ്ണൂർ ജില്ലാ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.03.2019-ലെ B1-1450/18-ാം നമ്പർ കത്ത്. (SRG/687/19/DB4 - 132/19- LSGD)**

കണ്ണൂർ ജില്ലാ പഞ്ചായത്തിന് നാലു കൃഷി ഫാമുകളും ഒരു ഗോട്ട് ഫാമും ഉണ്ട്. ഈ ഫാമുകളിൽ എല്ലാ മാസവും ഫാം ഡെവലപ്മെന്റ് കൗൺസിൽ യോഗം നടക്കാറുണ്ട്. യോഗത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കർഷക പ്രതിനിധികൾ ഉൾപ്പെടെ അനൗദ്യോഗികാംഗങ്ങളും പങ്കെടുക്കുന്നുണ്ട്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അതത് സ്ഥാപനങ്ങളിൽ നിന്ന് യാത്രാബത്ത ലഭിക്കുമെങ്കിലും അനൗദ്യോഗികാംഗങ്ങൾക്ക് സിറ്റിംഗ് ഫീയോ യാത്രാ ബത്തയോ നൽകാറില്ല. അനൗദ്യോഗികാംഗങ്ങൾക്ക് ഫാം റവന്യൂവിൽ നിന്ന് 250/- രൂപ സിറ്റിംഗ് ഫീ നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** :- വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

## 4.15എറണാകുളം ജില്ലാ ആസൂത്രണസമിതി

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.08.2019-ലെ 69351/19/CC/DPO/EKM നമ്പർ കത്ത്**

മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലേയും മത്സ്യ തൊഴിലാളികളുടെയും വിദ്യാർത്ഥികളായ മക്കൾക്കും 30, 000/- രൂപ നിരക്കിൽ ലാപ് ടോപ് നൽകാം. 06.07.2019-ലെ 1400/2019/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം മിഡ് ലെവൽ ലാപ് ടോപ്പുകളുടെ നിരക്ക് 38,902/- രൂപയായി വർദ്ധിപ്പിച്ചു. ഉത്തരവു പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് ഇതു ബാധകം. ഈ ഉത്തരവ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ബാധകമാക്കണ മെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഇത് മത്സ്യതൊഴിലാളികളുടെ മക്കൾക്കും ബാധകമാക്കാൻ തീരുമാനിച്ചു. മറ്റു മാനദണ്ഡങ്ങൾ പാലിക്കണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.16 ചാലിയാർ ഗ്രാമപഞ്ചായത്ത്

**ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2019-ലെ കത്ത് (SRG/738/19)**

പഞ്ചായത്തിൽ ക്ലീൻ ചാലിയാർ പദ്ധതിയുടെ ഭാഗമായി അജൈവ മാലിന്യങ്ങൾ എനർജി പ്ലാന്റിലേയ്ക്ക് കൊണ്ടു പോകുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവ് ശുചിത്വ മേഖലയിലേയ്ക്ക് മാറ്റി വച്ചിരിക്കുന്ന 10 ശതമാനം തുകയിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** :- വരവും ചെലവും പരിശോധിച്ച് റിപ്പോർട്ടു നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ**

## 4.17 കാണക്കാരി ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.07.2019-ലെ കത്ത് (SRG/632/19 - CC 411/2019)**

***പ്രോ.നം.212/20*** ***അടങ്കൽ 10,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)***

***പേര് - ഡിജിറ്റൽ ഗ്രാമപഞ്ചായത്ത്***

പഞ്ചായത്തിലെ ജനങ്ങളുടെ വിവരങ്ങൾ, കെട്ടിടങ്ങളുടെ വിവരങ്ങൾ, പുറമ്പോക്ക് കൃഷി ഭൂമിയുടെ വിവരങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ, കിണറുകളുടെ വിവരങ്ങൾ, റോഡുകളുടെ വിവരങ്ങൾ തുടങ്ങിയവ ഡിജിറ്റലൈസ് ചെയ്തു സൂക്ഷിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- പാലാ നിയമസഭാ മണ്ഡലത്തിലെ ഉപ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ പരിഗണിച്ചില്ല.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.18 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

**പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.07.2019-ലെ കത്ത് (SRG/758/19)**

ബ്ലോക്ക് പഞ്ചായത്തിൽ മാറഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് മുഖേന ഒരു ഫാർമസിസ്റ്റ് അടക്കം രണ്ടു പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഫാർമസിസ്റ്റും ഉണ്ട്. ഇതിനു പുറമെ ഒരു ഫാർമസിസ്റ്റിനെ കൂടി ബ്ലോക്ക് പഞ്ചായത്തു മുഖേന നിയമിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.19 പാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2019 കത്ത് (SRG - 607/19 - CC 386/19)**

***പ്രോ.നം. 35/2020 അടങ്കൽ 3,50,000/-***

***(റോഡിതര മെയിന്റനൻസ് ഗ്രാന്റ്)***

***പേര്:- പന്ന്യന്നൂർ പി.എച്ച്.സി.യ്ക്ക് ലാബ് നിർമ്മാണം***

പന്ന്യന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലവിലെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി ലാബ് സൗകര്യം ഒരുക്കുന്നതിന് മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ബ്ലോക്ക് പഞ്ചായത്തിന് CHC ഇല്ല എന്നതു പരിഗണിച്ച് അനുമതി നൽകുന്നു. എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രം ഉണ്ടായിരിക്കണം

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.20 പാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2019-ലെ കത്ത് (SRG/759/19 - CC 387/2019))**

***പ്രോ.നം. 50/2020 അടങ്കൽ 5,50,000/- രൂപ***

***( നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് )***

***പേര് :- പന്ന്യന്നൂർ പി.എച്ച്.സി.യക്ക് ലാബ് ഉപകരണങ്ങൾ***

മുകളിൽ പറഞ്ഞ (ക്രമ നമ്പർ 4.19) പന്ന്യന്നൂർ പി.എച്ച്.സി.യിൽ ലാബ് ഉപകരണങ്ങൾ വാങ്ങാൻ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- മുകളിൽ പറഞ്ഞ (ക്രമനം.4.19) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.21 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.06.2019-ലെ കത്ത്.**

(SRG/497/19 CC/337/19)

*പ്രോ.നം. 66/20* *അടങ്കൽ 10,00,000/- ( വികസനഫണ്ട്)*

***പേര് - പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം - കുട്ടികൾക്ക് സ്റ്റീൽ പാത്രവും സ്റ്റീൽ ബോട്ടിലും***

പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം കുട്ടികൾക്ക് സ്റ്റീൽ പാത്രവും സ്റ്റീൽ ബോട്ടിലും എന്ന ഈ പ്രോജക്ട് വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.22 അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.07.2019-ലെ കത്തും അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 12.06.2019-ലെ കത്തും.**

(SRG/662/19 CC/404/19)

*പ്രോ.നം. 102/19* *അടങ്കൽ 8,48,250/ രൂപ*

***പേര് - വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ***

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.23 വയലാർ ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2019-ലെ കത്തും വയലാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2019-ലെ C 8 - 2041-ാം നമ്പർ കത്തും**

(SRG/773/19 CC/487/19)

*പ്രോ.നം. 103/20 20* *അടങ്കൽ 4,27,572/- രൂപ (തനതുഫണ്ട്)*

*135 /2020* *അടങ്കൽ 3,20,679/- രൂപ ( തനത്ഫണ്ട്)*

***പേര് - 1) വയലാർ ഗവ. ഐ.ടി.ഐ.യ്ക്ക് 2019-20ലെ വാടക നൽകൽ***

***2) വയലാർ ഗവ. ഐ.ടി.ഐ.യ്ക്ക് 2017-18ലെ വാടക നൽകൽ***

വയലാർ ഗ്രാമപഞ്ചായത്തിൽ ഗവ. ഐ.ടി.ഐ പ്രവർത്തിക്കുന്നത് കളവംകോടം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് വാടക കെട്ടിടത്തിലാണ്. പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇതിന് നിശ്ചയിച്ചിരിക്കുന്ന

പ്രതിമാസ വാടക 35,361/- രൂപയാണ്. ഇതിന്റെ വാടക നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്**

## 4.24 വനിതാ ശിശു വികസനം

**വനിതാ ശിശുവികസന ഡയറക്ടറുടെ 22.11.2018 ICDS /DB3-23754/18 -ാം നമ്പർ കത്ത്**

അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രീ സ്കൂൾ വിഭാഗം കുട്ടികൾക്ക് 3 വയസ്സുമുതൽ 6 വയസ്സുവരെ ഉച്ചഭക്ഷണം നൽകുന്നതിന് നിലവിലെ 26.03.2011-ലെ 833/2011/തസ്വഭവ ഉത്തരവനുസരിച്ച് പച്ചക്കറിക്ക് ഒരു ഗുണഭോക്താവിന് 1.00 രൂപയും ട്രാൻസ്പോർട്ടേഷന് ഒരു കിലോയക്ക് 50 പൈസയുമാണ്. ഇത് യഥാക്രമം 2.00 രൂപയും 1.00 രൂപയുമായി വർദ്ധിപ്പിക്കണമന്നതു സംബന്ധിച്ച്

**തീരുമാനം** :-
1) പച്ചക്കറിക്ക് ഒരു ഗുണഭോക്താവിന് 1.00 രൂപ എന്നത് 2.00 രൂപയാക്കാൻ അനുമതി നൽകുന്നു.
2) ട്രാൻസ്പോർട്ടേഷൻ ചെലവ് വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരസിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.25 ചേലാമ്പ്ര ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.07.2019-ലെ കത്തും (SRG/618/19 CC/398/19)**

പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മസേനയ്ക്ക് 2018-19-ൽ ആദ്യമാസത്തിൽ 78 രൂപയും തുടർന്നുള്ള മാസങ്ങളിൽ 119 രൂപയും മാത്രമാണ് നൽകിയത്. വയബിലിറ്റി ഗ്യാപ് ഫണ്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുവരെയുള്ള കുടിശ്ശിക മാത്രമാണ് നൽകാൻ കഴിയുന്നത്. ശേഷിക്കുന്ന കാലത്ത് മിനിമം വേതനമായ പ്രതിദിനം 300/- രൂപ വീതം പഞ്ചായത്തിനു ലഭ്യമായിട്ടുള്ള ശുചിത്വ മിഷൻ ഫണ്ട്, സ്വച്ഛ ഭാരത് ഇൻസെന്റീവ് ഗ്രാന്റ് എന്നിവയിൽ നിന്നും നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ശുചിത്വ മിഷൻ ഫണ്ടും സ്വച്ഛ ഭാരത് ഇൻസെന്റീവ് ഗ്രാന്റ് എന്നിവ ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതല്ല എന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതനുസരിച്ച് അനുമതി നിരസിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.26 കൊല്ലം കോർപ്പറേഷൻ

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.07.2019-ലെ കത്ത് (SRG/622/19 CC/400/19)**

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ കോർപ്പറേഷനുകളിൽ കരാറടിസ്ഥാനത്തിൽ 6 മാസത്തേയ്ക്ക് നിയമിക്കപ്പെട്ട എൻവിയോൺമെന്റൽ എഞ്ചിനീയർമാരുടേയും സ്ട്രക്ചറൽ എഞ്ചിനീയർമാരുടേയും സേവനം തുടർന്നും ആവശ്യമുള്ളവർക്ക് 10.05.2018 മുതൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് 29.11.2018-ലെ 3027/18/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. വേതനം തനത് ഫണ്ടിൽ നിന്നാണ് നൽകേണ്ടത്. ഇവരുടെ സേവനം തുടർന്നും ലഭ്യമാക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഇതിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ലിയു) വകുപ്പ്**

## 4.27 തേവലക്കര ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.07.2019-ലെ കത്ത് (SRG/630/19 CC/382/19)**

***പ്രോ.നം. 91/2018 അടങ്കൽ 3,25,000/- രൂപ(തനത് ഫണ്ട്)***

***പേര് - പഞ്ചായത്ത് ഓഫീസിന് സ്കാനർ, കമ്പ്യൂട്ടർ***

2017-18 വാർഷിക പദ്ധതിയിൽ പഞ്ചായത്ത് ആഫീസിന് സ്കാനറും കമ്പ്യൂട്ടറുകളും എന്ന പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നു. നടപടിക്രമങ്ങൾ പാലിച്ച് ഉപകരണങ്ങൾക്ക് സപ്ലൈ ഓർഡർ നൽകി. ഉപകരണങ്ങൾ സപ്ലൈ ചെയ്തു. 5 വർഷത്തെ വാറണ്ടി പിരിയിഡ് ഇല്ല എന്ന് ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റ് റിപ്പോർട്ട് ചെയ്തതു പ്രകാരം പണം നൽകാൻ 2018-19-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. തുടർന്ന് വാറന്റി പിരിയഡ് 5 വർഷമാക്കി കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തു. പ്രോജക്റ്റ് 2019-20 ൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു. ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു

**നടപടി:- നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

## 4.28 തുക്കുർ ഗ്രാമപഞ്ചായത്ത്

**തുക്കുർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.07.2019-ലെ A1/5852/19-ാം നമ്പർ കത്തും 20.06.2019-ലെ 8(1) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/707/19 )**

തുക്കുർ ഗ്രാമപഞ്ചായത്തിൽ പുതിയ ബഡ്സ് സ്കൂൾ 06.06.2019 മുതൽ പ്രവർത്തനം ആരംഭിച്ചു .ബഡ്സ് സ്കൂളിലേയ്ക്ക് കുട്ടികളെ കൊണ്ടു വരുന്നതിന് വാഹനം വാടകയ്ക്ക് എടുക്കുവാൻ പഞ്ചായത്തിന് ഫണ്ട് ലഭ്യമല്ല. ബഡ്സ് സ്കൂളിന് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിന് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 12,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ തുക മിച്ചമുള്ളതിനാൽ ബാലൻസ് തുക

ഉപയോഗിച്ച് ബഡ്സ് സ്കൂളിനു വാഹനം വാടകയ്ക്ക് എടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** :- ഇത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

## 4.29 കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 22.01.2018-ലെ KAICO/HO/Tech/2018-19/നിവേദനം/267-ാം നമ്പർ കത്ത് (SRG/781/19)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികൾക്കാവശ്യമായ കാർഷിക യന്ത്രങ്ങളും സാമഗ്രികളും നടീൽ വസ്തുക്കളും, ജൈവവളവും കെയ്കോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** :- കെയ്കോ സ്വന്തമായി ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങൾക്കും സാധന സാമഗ്രികളും മാത്രം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.30 കേളകം ഗ്രാമപഞ്ചായത്ത്

**കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2017-ലെ 930/17-ാം നമ്പർ കത്തും പ്രസിഡന്റിന്റെ 15.06.2017-ലെ കത്തും കണ്ണൂർ ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.09.2017-ലെ B2-5424/17-ാം നമ്പർ കത്തും (SRG/267/19 LSGD - DA1/400/ 2017- LSGD )**

**പ്രോ.നം. 9/17** **അടങ്കൽ 1,90,000/- (CFC)**

**പേര് :- മാലിന്യ സംസ്കരണ പ്ലാന്റിന് സർവ്വീസ് റിപ്പയറിംഗ്**

മൂന്നര വർഷം പഴക്കമുള്ള ഇൻസിനേറ്ററിന് സർവ്വീസ്, റിപ്പയർ എന്നിവയ്ക്കായി 15.12.2016-ന് ടെണ്ടർ ചെയ്തു. Steel Tech art Solution Pvt. Ltd, Calicut ന്റെ ടെണ്ടർ 1,90,000/- രൂപയും RXD Kotta Industries, Kondotty Malappuram-ന്റെ 1,96,575/- രൂപയും ആയിരുന്നു. രണ്ടാമത്തെ കമ്പനി EMD, പ്രാഥമിക ഉടമ്പടി എന്നിവ വച്ചില്ല. അതിനാൽ Steel Tech art Solution Pvt. Ltd, എന്ന കമ്പനിയെകൊണ്ട് പ്രവൃത്തി ചെയ്യിപ്പിച്ചു. എന്നാൽ വർക്ക് ഓർഡർ സെക്രട്ടറി നൽകിയിരുന്നില്ല.

ഈ സാഹചര്യത്തിൽ കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത Steel Tech art Solution Pvt. Ltd, Calicut ന്റെ ടെണ്ടർ അംഗീകരിച്ച് തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- 1) ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**

## 4.31 വിജയപുരം ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2019-ലെ A1-9156/18-ാം നമ്പർ കത്തും (SRG/586/19 )**

**പ്രോ.നം. 27/20** **അടങ്കൽ 7,00,000/-**
**(വികസനഫണ്ട് - 5,00,000/-**
**തനത് ഫണ്ട് - 2,00,000/-)**

**പേര് :- സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം**

സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണത്തിനുള്ള പ്രോജക്റ്റ് തയ്യാറാക്കിയിച്ചുണ്ട്. സർക്കാർ സ്കൂളുകളിലെ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതോടൊപ്പം ഹൈസ്കൂളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ കഴിഞ്ഞ വർഷം എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം കൊടുത്ത നടപടിക്ക് സാധൂകരണവും നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- പാലാ നിയമസഭാ മണ്ഡലത്തിലെ ഉപ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ പരിഗണിച്ചില്ല.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.32 പള്ളം ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും പള്ളം പഞ്ചായത്ത് സെക്രട്ടറിയുടെ 12.05.2019-ലെ B45/18-ാം നമ്പർ കത്തും (SRG/592/19 -CC-328/2019)**

**പ്രോ.നം. 74/20 17** **അടങ്കൽ 1,38,000/-**
**(തനത് ഫണ്ട്)**

**പേര് :- ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കസേര**

2016-17-ൽ കസേര വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും കസേര നൽകി സിഡ്കോ ബിൽ സമർപ്പിച്ചത് 13.02.2019 ലാണ്. 2017-18-ൽ ഈ പ്രോജക്റ്റ് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു അവശ്യ ഫണ്ടിൽ നിന്നും നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പാലാ നിയമസഭാ മണ്ഡലത്തിലെ ഉപ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ പരിഗണിച്ചില്ല.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.33 ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.07.19 ലെ കത്ത് (SRG 593/19-CC/353/19)**

*പ്രോജക്റ്റ് നം.141/20* *അടങ്കൽ 49,50,000/- രൂപ (CFC)*

*പേര് – ഘടകസ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണം*

ഘടകസ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുള്ള പ്രോജക്റ്റ് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് സ്പിൽ ഓവറായി മറ്റ് പ്രോജക്റ്റുകളും ഉണ്ട്. സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പെടുത്തുന്നതിന് ഈ വർഷത്തെ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 20 ശതമാനം അധികമായി പ്രോജക്റ്റ് തയ്യാറാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മറ്റ് സ്പിൽഓവർ പ്രോജക്റ്റുകൾ കൂടി ചേർക്കുമ്പോൾ മുകളിൽ പറഞ്ഞ പ്രോജക്റ്റിന് വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ട് വരുന്നു. അതിനാൽ 49,50,000/- രൂപയിൽ 14,87,800/- രൂപ അധികമായി ഉൾപ്പെടുത്താൻ അനുമതിയുള്ള 20 ശതമാനം തുകയിലും ബാക്കിയുള്ള 34,62,200/- ഈ വർഷത്തെ ബഡ്ജറ്റ് തുകയിലും ഉൾപ്പെടുത്താൻ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.34 ചേർപ്പ് ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.2019 ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 29.04.2019 ലെ 8(3)-ാം നമ്പർ തീരുമാനവും. (SRG 574/19-CC/352/19)**

*പ്രോജക്റ്റ് നം.75/20* *അടങ്കൽ 5,00,000/- രൂപ(CFC)*

*പേര് – പൊതു സ്ഥലങ്ങളിൽ സി.സി.ടി.വി*

മാലിന്യപ്രശ്നം പരിഹരിക്കുന്നതിനും അപകടം, മോഷണം ഇവ തടയുന്നതിനുമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. സി.സി. ടിവി മോണിറ്റർ ചെയ്യാനും തുടർ നടപടി സ്വീകരിക്കാനും ആവശ്യമായ ക്രമീകരണം ഉണ്ട് എന്നുറപ്പ് വരുത്തണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

## 4.35 നൂറനാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.06.2019 ലെ കത്ത് (SRG 552/19-CC/320/19)**

*പ്രോ.നം. 7/2019* *അടങ്കൽ 4,71,984/-രൂപ (SCP)*

***പേര്:- എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

കഴിഞ്ഞ വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. 16 ലാപ് ടോപ് വാങ്ങി . ആവശ്യമായ രേഖകൾ നൽകിയത് 14 പേർ മാത്രമാണ്. അതിനാൽ 2 ലാപ് ടോപുകൾ വിതരണം ചെയ്തില്ല. ഇവ ഈ വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കഴിഞ്ഞ വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ അർഹത യുള്ളവർ ഇല്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യ പ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.36 എടവനക്കാട് ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2019 ലെ കത്തും ജില്ലാ പ്ലാനിംഗ് ഓഫീസറുടെ തന്നെ 14.06.2019-ലെ 69351/CC/DPO/EKM നമ്പർ കത്തും 22.12.2018-ലെ 1(2) -ാം നമ്പർ ഭരണ സമിതി തീരുമാനവും (SRG 539/19-CC/305/2019)**

2017-18-ൽ 6 അംഗനവാടികളുടെ അറ്റകുറ്റപ്പണിക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നു. സംസ്ഥാന സർക്കാരും പഞ്ചായത്തും 60:40 അനുപാതത്തിൽ ഫണ്ടു ചെലവഴിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. സംസ്ഥാനാവിഷ്കൃത വിഹിതം 3,60,000/- രൂപയും പഞ്ചായത്ത് 2,40,000/- രൂപയും വകയിരുത്തി. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ടുകൾ നടപ്പാക്കി. സംസ്ഥാനവിഹിതമുണ്ടായിരുന്നതിനാൽ PWD ചീഫ് എഞ്ചിനീയർക്ക് തുക ഡിപ്പോസിറ്റ് ചെയ്തുവേണമായിരുന്നു പ്രോജക്ടു നടപ്പാക്കേണ്ടത്. പണി പൂർത്തിയാക്കിയതനുസരിച്ച് പഞ്ചായത്ത് വിഹിതം നൽകി. PWD ചീഫ് എഞ്ചിനീയർ മുഖേന നടപ്പാക്കാത്തതിനാൽ സംസ്ഥാന വിഹിതം ലഭിച്ചിട്ടില്ല. സർക്കാരിന്റെ പ്രത്യേക ഉത്തരവുണ്ടായാൽ മാത്രമേ തുക പഞ്ചായത്തിന് കൈമാറാൻ കഴിയു എന്ന് PWD കെട്ടിട വിഭാഗം അറിയിച്ചിട്ടുണ്ട്. ഈ തുക അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്നും അല്ലായെങ്കിൽ തനതുഫണ്ടോ മറ്റു വിഹിതമോ ഉൾപ്പെടുത്തി തുക നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** തനത്ഫണ്ട് ഉപയോഗിച്ച് ബിൽ തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.37 തളിപ്പറമ്പ് മുനിസിപ്പാലിറ്റി

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2019 ലെ കത്തും 27.03.19 ലെ 16/16-ാം നമ്പർ കൗൺസിൽ തീരുമാനവും (SRG 541/19- CC 344/19)**

2018 ലെ പ്രളയത്തിൽ തളിപറമ്പ് താലൂക്കാശുപത്രിയിലെ കാലപ്പഴക്കം ചെന്ന സെപ്റ്റിക് ടാങ്ക് പൊട്ടി തകർന്നിരുന്നു. അടിയന്തിര സ്വഭാവമുള്ളതായിരുന്നതിനാൽ ടെണ്ടർ നടപടി കൂടാതെ ഇത് ശരിയാക്കുന്നതിന് ഒരു സ്പോൺസറെ കണ്ടെത്തി കരാറുകാരനായ ശ്രീ സന്തോഷ് കുമാർ മുഖേന പ്രവൃത്തി നടത്തി. എന്നാൽ സ്പോൺസറായ ABC ഗ്രൂപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് നേരിട്ട പണം നൽകിയതിനാൽ സ്പോൺസർഷിപ്പിൽ നിന്ന് പിന്മാറി. ഈ സാഹചര്യത്തിൽ വാല്യുവേഷൻ നടത്തികരാറുകാരന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത് തസ്വഭവ ചീഫ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

## 4.38 എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2014 -ാം

**തീയതിയിലെ 61139/18/DPO/EKM നമ്പർ കത്തും വനിതാ ശിശു വികസന ഡയറക്ടറുടെ 15.03.2019-ലെ ICDS/A7 - 7264/19-ാം നമ്പർ സർക്കുലറും**

അങ്കണവാടികളുടെ കെട്ടിട നിർമ്മാണം 31.03.2019 തീയതിക്കകം ആരംഭിച്ചിട്ടില്ലെങ്കിൽ ഇനി ഒരു അറിയിപ്പുണ്ടാകുന്നതുവരെ എല്ലാ പ്രവർത്തനങ്ങളും നിർത്തി വയ്ക്കാൻ വനിതാ ശിശു വികസന ഡയറക്ടറുടെ സർക്കുലറിൽ പറഞ്ഞിരിക്കുന്നു. ഇനി നിർമ്മിക്കാനുദ്ദേശിക്കുന്ന അങ്കണവാടികൾ ഒരു ഏകീകൃത പ്ലാനിൽ ആയിരിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കുലർ. ഇതിൽ വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചാണെങ്കിൽ നിർമ്മാണം തുടരാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.39 കാവന്നൂർ ഗ്രാമപഞ്ചായത്ത്

**കാവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.05.2019-ലെ കത്ത് (SRG- 513/19)**

എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി ജനറൽ വിഭാഗത്തിൽപ്പെട്ട 9 വീടുകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 വീടുകളും പുനരുദ്ധരിക്കുന്നതിന് 07.01.2011-ൽ 18,75,000/- രൂപ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് നൽകിയിരുന്നു. ഈ തുക ഇരട്ട വീട് ഒറ്റ വീടാക്കുന്നതിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) OLH വീടുകളുടെ പുനരുദ്ധാരണത്തിനായി 2011-ൽ ലഭിച്ച ഈ തുക നാളിതുവരെ ഉപയോഗിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി.

2) ഈ തുകയുടെ പലിശയടക്കം എത്രയെന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 4.40 മഞ്ചേരി മുനിസിപ്പാലിറ്റി

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.06.2019-ലെ കത്തും മഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ 11.03.2019-ലെ P1 - 19120/17-ാം നമ്പർ കത്തും (SRG 517/19- CC 330/19)**

*പ്രോ.നം. 543/19* *അടങ്കൽ 4,00,000/- രൂപ*
*(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)*

***പേര്:- വട്ടപ്പൊന്ത ആസാദ് നഗർ അംഗനവാടി പുരോഗമന പ്രവൃത്തി***

2017-18-ലെ മുകളിൽ പറഞ്ഞ പ്രോജക്ട് അതേ വർഷം പൂർത്തിയാക്കിയിരുന്നു. ഫണ്ടിന്റെ കുറവു കാരണം തുക നൽകിയില്ല. 2018-19-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. 2019-20-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. ആവശ്യമായ ക്രമീകരണം നടത്താൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.41 അമരമ്പലം ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.06.2019-ലെ കത്ത് (SRG 518/19- CC 270/19)**

2016-17, 2017-18. വർഷങ്ങളിൽ അമരമ്പലം ഗ്രാമപഞ്ചായത്തിൽ വിവിധ കുടിവെള്ള പ്രോജക്ടുകൾക്ക് KWAയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ടെണ്ടർ/ ബിൽ സേവിംഗ്സ് ആയി 6,33,072/- രൂപ മിച്ചമുണ്ട്. ഈ തുക ഉപയോഗിച്ച് മറ്റു കുടിവെള്ള പ്രോജക്ടുകൾ എടുക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഈ തുക ഉപയോഗിച്ച് KWA മുഖേന തന്നെ മറ്റ് കുടിവെള്ള പ്രോജക്ടുകൾ എടുക്കാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.42 കൊണ്ടോട്ടി നഗരസഭ

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.06.2019-ലെ കത്തും മഞ്ചേരി പൊതു മരാമത്ത് ( റോഡ്സ്) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 24.01.2019-ലെ നടപടി ഉത്തരവും (SRG 519/19- CC 332/19)**

*പ്രോ.നം. 151/19* *അടങ്കൽ 4,00,000/- രൂപ*
*(തനത് ഫണ്ട്)*

***പേര്:- മുണ്ടപ്പാലം ഇറയ്ക്കൽ റോഡ് ജംഗ്ഷൻ മുതൽ AMLP സ്കൂൾ വരെ ഫുട്പാത്ത് നിർമ്മാണം***

നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പൊതു മരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഫുട്പാത്ത് നിർമ്മിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.43 മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.06.2019-ലെ കത്തും 30.04.2019-ലെ 12(1) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 529/19- CC 329/19)**

*പ്രോ.നം. 99/19* *അടങ്കൽ 16,50,000/- രൂപ*
*(SCP - 16,28,800/- രൂപ*
*തനത് ഫണ്ട് 21,200/- രൂപ)*

***പേര്:- മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

പഞ്ചായത്തിലെ 11-ാം വാർഡിലുള്ള വല്ലായി പറമ്പിൽ വീട്ടിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗോപിക. ജി. എന്ന വിദ്യാർത്ഥിനി Diploma in Elementary Education -ന് പഠിക്കുന്നു. (ദ്വിവൽസര കോഴ്സ് 2018-20) ഈ കുട്ടിക്ക് ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.44 നെടുവത്തൂർ ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.07.2019-ലെ കത്ത് (SRG 625/19- CC 340/19)**

2018-19-ലെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് 6,99,105/- രൂപ വകയിരുത്തിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എടുത്ത ഇലക്ട്രീഷ്യനുമായുള്ള കരാറിന്റെ കാലാവധി 29.01.2020 വരെയുണ്ട്. 2019-20-ലെ തുക ഉപയോഗിച്ച് എടുക്കുന്ന സ്ട്രീറ്റ്

ലൈറ്റ് മെയിന്റനൻസും ഇതേ കരാറുകാരനെക്കൊണ്ട് ടെണ്ടർ കൂടാതെ ചെയ്യിപ്പിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.45 ആലംകോട് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.07.2019-ലെ കത്തും 08.05.2019-ലെ 6/4-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 631/19- CC 388/19)**

പഞ്ചായത്തിലെ ശ്രീമതി ഷൈലജ നെടുമ്പറമ്പിൽ എന്നയാൾക്ക് വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമായി 30,000/ രൂപ നൽകിയിരുന്നു. എന്നാൽ ഇവർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണ്. അതിനാൽ വിവാഹധനസഹായമായി 75,000/- നൽകാൻ അർഹതയുണ്ടെന്നും ബാക്കി തുക കൂടി നൽകാൻ അനുമതി നൽകണമെന്നുള്ള ആവശ്യം സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.46 കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2019-ലെ കത്ത്(SRG 719/19- CC 464/19)**

***പ്രോ.നം. 235/19 അടങ്കൽ 1,00,000/- രൂപ (തനത് ഫണ്ട്)***

***പേര്:- പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഇരുചക്ര വാഹനം***

ഫീൽഡ് അന്വേഷണമടക്കമുള്ള പഞ്ചായത്തിന്റെ ആവശ്യത്തിന് ഒരു ഇരുചക്ര വാഹനം (സ്കൂട്ടർ )വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** മറ്റു നടപടിക്രമങ്ങൾ പാലിച്ച് ഓട്ടോമാറ്റിക് ഗിയർ ഉള്ള സ്കൂട്ടർ വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.47 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2019-ലെ കത്തും 11.07.2019-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 720/19- CC 439/19)**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019-ലെ യോഗ തീരുമാനപ്രകാരം ഖണ്ഡിക 3.9(1) (31.12.2018-ലെ തുടർ നടപടി) ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായതിനാൽ വികസനഫണ്ടിന്റെ ഉപയോഗത്തിൽ നിന്ന് പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഉത്പാദന മേഖലയുടെ കുറഞ്ഞ പരിധിയും ഒഴിവാക്കാൻ 17.01.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വനിതാ ഘടക

പദ്ധതി കുട്ടികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ തുടങ്ങിയവർക്ക് മാർഗ്ഗരേഖ പ്രകാരമുള്ള കുറഞ്ഞ പരിധി പാലിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

പരീക്ഷണാർത്ഥം ഇത് 2019-20 വർഷത്തേയ്ക്ക് മാത്രമാണ് ബാധകമാക്കിയിരിക്കുന്നത്.

**തീരുമാനം :-** ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ക്രമീകരണം അടിയന്തിരമായി സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യാൻ ഐ,കെ,എം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.48 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്

ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പാക്കുന്നുണ്ട്. ജലനിധി പദ്ധതി ആരംഭിച്ച് നാല് വർഷമായെങ്കിലും പഞ്ചായത്തിലെ ഒന്നാം വാർഡിൽ കൂടല്ലാർക്കുടിയിൽ മാത്രമാണ് കുടിവെള്ളം ലഭ്യമായത്. പഞ്ചായത്തിലെ എല്ലാ കുടികളിലും കുടിവെള്ളക്ഷാമമുണ്ട്. ജലനിധി പദ്ധതി ഉള്ളതിനാൽ പഞ്ചായത്തിന് മറ്റ് പദ്ധതികൾ എടുക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനെ ജലനിധി പദ്ധതിയിൽ നിന്ന് ഒഴിവാക്കണമെന്നും എല്ലാ വാർഡുകളിലും 2000 ലിറ്റർ, 3000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് സ്ഥാപിക്കാനും സ്വാഭാവിക ഉറവയിൽ നിന്ന് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്ന സ്ഥലത്തേക്ക് ഹോസ് വാങ്ങി നൽകാനും പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-**

1. ടാങ്ക് സ്ഥാപിക്കാനും ഹോസ് വാങ്ങി നൽകാനും അനുമതി നൽകുന്നു.
2. ജലനിധി പദ്ധതി അടിയന്തിരമായി നടപ്പാക്കുന്നതിന് ജലനിധി ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കാൻ ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. ഇതിന്മേൽ സ്വീകരിച്ച നടപടി പഞ്ചായത്ത് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 4.49 വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2019 ലെ കത്തും ശുചിത്വമിഷൻ മലപ്പുറം ജില്ലാ കോർഡിനേറ്ററുടെ 19.06.2019 ലെ 247/2019/ഡി.എസ്.എം നമ്പർ കത്തും.**
**(SRG 733/19 CC /465/19)**

***പ്രോജക്ട് നമ്പർ 67/20***

***അടങ്കൽ 8,93,200/- രൂപ***
***(വികസനഫണ്ട് 8,86,335/-രൂപ***
***തനതുഫണ്ട് 6865/- രൂപ)***

***പേര് - കക്കൂസ് നിർമ്മാണം***

ഒ.ഡി.എഫ് ആയി പ്രഖ്യാപിച്ച പഞ്ചായത്ത് ആണെങ്കിലും പുതിയ കക്കൂസ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കേണ്ടത് അനിവാര്യമാണെന്ന് ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്ററും ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.50 വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2019 ലെ കത്തും ശുചിത്വമിഷൻ മലപ്പുറം ജില്ലാ കോർഡിനേറ്ററുടെ 19.06.2019 ലെ 247/2019/ഡി.എസ്.എം നമ്പർ കത്തും. (SRG/ 734/19 CC /466/19)**

*പ്രോജക്ട് നമ്പർ - 290/2020* *അടങ്കൽ 17,09,400/- രൂപ (വികസനഫണ്ട് 7,88,400/-രൂപ സി.എസ്.എസ്.വിഹിതം 9,21,000/-) രൂപ)*

കക്കൂസ് അറ്റകുറ്റപ്പണിക്ക് ഈ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കക്കൂസ് അറ്റകുറ്റപ്പണി അനിവാര്യമാണെന്ന് ശുചിത്വമിഷൻ ജില്ലാകോർഡിനേറ്ററും ശുപാർശ ചെയ്തിട്ടുണ്ട് ഇതിന്റെ അടസ്ഥാനത്തിൽ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.51 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാപ്ലാനിംഗ് ഓഫീസറുടെ 09.08.2019 ലെ കത്ത് (SRG 742/19 CC/469/19)**

*പ്രോജക്ട് നമ്പർ 112/2020* *അടങ്കൽ 15,00,000/- രൂപ (SCP)*

***പേര് – കുടിവെള്ള പദ്ധതിയ്ക്ക് അടിസ്ഥാന സൗകര്യം***

2011 – 12 വർഷം മുതൽ 2014-15 വരെ 14 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി. കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ ഈ കുടിവെള്ള പദ്ധതികൾ പൂർണ്ണമായും ചിലത് ഭാഗികമായും തകർന്നു. ഇവ അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. എന്നാൽ എസ്.സി.പി ഫണ്ട് ആയതിനാൽ പട്ടികജാതി വിഭാഗക്കാരുടെ കുടിവെള്ള പദ്ധതിക്കു മാത്രമാണ് ഈ തുക ഉപയോഗിക്കുന്നതെന്ന് ഉറപ്പ് വരുത്തണം.

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.52 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.08.2019 ലെ കത്തും വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17.06.2019 ലെ BP4/2376/19/VLND കത്തും 11.06.2019 ലെ II/2/2019 –ാം നമ്പർ ഭരണസമിതി തീരുമാനവും.**

*പ്രോജക്റ്റ് നമ്പർ 27/2020* *അടങ്കൽ 19,80,000/- രൂപ*
*(വികസനഫണ്ട് 18,00,000/ രൂപ*
*ഗുണഭോക്തൃവിഹിതം 1,80,000/- രൂപ)*

***പേര് – തേൻ ഗ്രാമം***

തേൻ ഉത്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) 2017-18-ലും ഈ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു. ഇത് നടപ്പാക്കിയതു സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ഗ്രാമവികസന കമ്മീഷണർ**

## 4.53 കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2019 ലെ കത്തും കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.19 ലെ സി3/302/19-ാം നമ്പർ കത്തും 28.06.19 ലെ 3 (1)-ാം നമ്പർ ഭരണസമിതി തീരുമാനവും. (SRG 675/19 CC /410/19)**

2016-17 ലെ ഭവനനിർമ്മാണ പദ്ധതിയിൽ ഗുണഭോക്താവായിരുന്ന ശ്രീമതി രതമ്മ W/o ശ്രീ. ആനന്ദൻ, നിധി ഭവനം എന്ന ആൾ 30,000 രൂപ കൈപ്പറ്റിയിരുന്നു. എന്നാൽ ഗൃഹനാഥൻ അസുഖംമൂലം കിടപ്പിലായതിനാൽ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റാനോ പണി പൂർത്തിയാക്കാനോ കഴിഞ്ഞിട്ടില്ല. ഇവർക്ക് ലൈഫ് നിരക്കായ 4 ലക്ഷം രൂപയിൽ നിന്ന് 30,000 രൂപ കുറച്ച് ബാക്കി 3,70,000/- രൂപ നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** മുമ്പ് നൽകിയ 30,000/- രൂപയുടെ നിർമ്മാണങ്ങൾ നടത്തിയതിനുശേഷം ബാക്കി ഗഡുക്കൾ ലൈഫ് നിരക്കിലെ മാനദണ്ഡപ്രകാരം നൽകാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.54 നൊച്ചാട് ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.07.2019-ലെ കത്ത് ( SRG-695 - CC /438/19)**

***പ്രോജക്ട് നമ്പർ 61/2019 ആകെ അടങ്കൽ 34,20,000/- രൂപ***
***(ഗുണഭോക്തൃവിഹിതം 18,52,500/- രൂപ)***

***പേര് – ക്ഷീരഗ്രാമം ഡയറി യൂണിറ്റ്***

മാർഗ്ഗരേഖ പ്രകാരം പശുക്കളെ വിതരണം ചെയ്യാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 7.00 ലക്ഷം രൂപ ലഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് വിഹിതം കൂടി ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.55 കോഴിക്കോട് ജില്ലാപഞ്ചായത്ത്

**കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.07.19 ലെ കത്ത് (എസ്.ആർ.ജി 696/19 CC 310/2019)**

***പ്രോജക്ട് നമ്പർ 01/2020 അടങ്കൽ 25,00,000/- രൂപ***
***(വികസനഫണ്ട്)***

***പേര് – സ്നേഹസ്പർശം***

ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 2 വർഷമായി സ്നേഹസ്പർശം എന്ന പ്രോജക്ട് നടപ്പാക്കി വരുന്നു. ഇതിനായി സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. വൃക്കരോഗികൾക്ക് ഡയാലിസിസ്, വൃക്ക മാറ്റിവച്ചവർക്ക് സൗജന്യമരുന്ന്, മാനസിക/എയ്ഡ്സ് രോഗ ബാധിതർക്ക് ചികിത്സ, താമസം എന്നിവയാണ് പ്രവർത്തനം. താഴെ പറയും പ്രകാരമാണ് വിഹിതം.

| | |
|---|---|
| ജില്ലാ പഞ്ചായത്ത് | - 25 ലക്ഷം രൂപ |
| കോർപ്പറേഷൻ | - 25 ലക്ഷം രൂപ |
| നഗരസഭകൾ | - 5 ലക്ഷം രൂപ |
| ഗ്രാമപഞ്ചായത്ത് | - 3 ലക്ഷം രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്ത് | - 5 ലക്ഷം രൂപ വീതം |

ഈ നിരക്കിൽ വിഹിതം ശേഖരിച്ച് പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** താഴെപ്പറയുന്ന നിബന്ധനകളോടെ അനുമതി നൽകുന്നു.

1. വിഹിതം നിശ്ചയിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം ചേർന്ന് തീരുമാനമെടുക്കണം.
2. മുൻ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം കഴിഞ്ഞ 2 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അടിയന്തിരമായി പരിശോധനയ്ക്കായി വകുപ്പിന് നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.56 മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.07.2019 ലെ കത്തും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 23.07.2019 ലെ PL -7826/19-ാം നമ്പർ കത്തും 15.07.2019 ലെ 10(9)-ാം നമ്പർ ഭരണസമിതി തീരുമാനവും. (SRG 698/19 CC/452/19)**

പഞ്ചായത്തിൽ അഗതി-ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടതും ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടാത്തതുമായ ഭവനരഹിതരായ 26 ഗുണഭോക്താക്കൾ ഉണ്ട്. ഇവരുടെ ലിസ്റ്റ് ഗ്രാമസഭയും പഞ്ചായത്തുകമ്മിറ്റിയും അംഗീകരിച്ചത് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു നൽകി. ഇവരെ നാളിതുവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ലിസ്റ്റിലെ 4 ഗുണഭോക്താക്കൾ താമസിക്കുന്ന ഷെഡ് അതീവ അപകടാവസ്ഥ യിലാണ്. അഗതി-ആശ്രയ ഭവനനിർമ്മാണ പദ്ധതിയ്ക്കായി വകയിരുത്തിയ 15.00 ലക്ഷം രൂപ സി.ഡി.എസ് അക്കൗണ്ടിൽ ഉണ്ട്. ഇതിന്റെ പലിശയടക്കം അർഹതയുള്ള 4 ഗുണഭോക്താക്കൾക്കു ലൈഫ് നിരക്കു പ്രകാരം (4.00 ലക്ഷം രൂപ) ഭവന നിർമ്മാണത്തിനു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-**

1. ആശ്രയ കുടുംബങ്ങളായതിനാൽ അത്യാവശ്യ സ്വഭാവമുള്ള ഗുണഭോക്താക്കൾക്ക് (4 പേർക്ക്) വീട് നിർമ്മിച്ചു നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകുന്നു. പ്രോജക്ട് അംഗീകാരത്തിനു ജില്ലാ ആസൂത്രണസമിതിക്ക് നൽകണം.
2. ആശ്രയ കുടുംബങ്ങളായ മറ്റുള്ളവരുടെ ആവശ്യം പരിശോധിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറേയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും ചുമതലപ്പെടുത്തുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

## 4.57 ആര്യാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 19.08.2019 ലെ കത്ത് (SRG 776/19 CC/490/19)**

***പ്രോ.നം.107/20***

***അടങ്കൽ 24,27,600/- രൂപ***
***(CFC - 21,71,000/-***
***ഗുണഭോക്തൃ വിഹിതം -2,44,800/- രൂപ***
***തനത് ഫണ്ട് - 11,800/- രൂപ)***

***പേര്:- അക്ഷയ കിരണം***

പഞ്ചായത്തിലെ ബി.പി.എൽ. പട്ടികജാതി വിഭാഗക്കാർക്ക് സൗര റാന്തൽ വിതരണം ചെയ്യുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.58 കാസറഗോഡ് ജില്ലാ പഞ്ചായത്ത്

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.7.2019-ലെ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2018-ലെ B1-522/19-ാം നമ്പർ കത്തും. ((SRG -643/19 CC/255/18)**

നബാർഡിന്റെ സഹായത്തോടെ ജില്ലയിൽ 5 ചെക്ക് ഡാം നിർമ്മിച്ചു. പാർട്ട് ബിൽ തയ്യാറാക്കി തുക നൽകാൻ നബാർഡ് വിഹിതം ലഭിക്കാൻ കാലതാമസം നേരിട്ടപ്പോൾ ജില്ലാ പഞ്ചായത്ത് തുക നൽകി. അന്തിമ ബിൽ തുക അനുവദിച്ചു നൽകിയതിനുശേഷം പദ്ധതിക്ക് നബാർഡ് നൽകിയ അവസാന ഗഡു ഉപയോഗിക്കാൻ കഴിഞ്ഞില്ല. നബാർഡ് 5 പദ്ധതികൾക്കായി ആകെ അനുവദിച്ച വിഹിതം 5,98,81,000/- രൂപയും ആകെ ചെലവഴിച്ചത് 4,99,84,709/- രൂപയുമാണ്. ബാക്കി 98,96,291/- രൂപ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഈ തുക ഉപയോഗിച്ച് ഉല്പാദന മേഖലയിൽ മറ്റു പ്രോജക്ടുകൾ എടുക്കാൻ അനുമതി സംബന്ധിച്ചു.

**തീരുമാനം :-** 1) നൽകിയിരിക്കുന്ന വിവരങ്ങളിൽ അവ്യക്തതയുള്ളതിനാൽ ധന വകുപ്പിന്റെ പരിശോധനയ്ക്കുശേഷം പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ധന വകുപ്പ്**

## 4.59 കെൽട്രോൺ മാനേജിംഗ് ഡയറക്ടറുടെ 21.08.2019-ലെ നം/76/2019 - 20/71-ാം നമ്പർ കുറിപ്പ് ( SRG 792/19)

തദ്ദേശഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ കെൽട്രോൺ നിർമ്മിക്കുന്ന LED ഉല്പന്നങ്ങളും ശ്രവണ സഹായികളും വാങ്ങുന്നതിന് 11.06.2018-ലെ 1581/2018/തസ്വഭവ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 05.08.2019-ലെ 1683/2019/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ഈ ഉത്തരവ് റദ്ദാക്കിയിരിക്കുന്നു. റദ്ദാക്കിയ നടപടി പുനപരിശോധിച്ച് 11.06.2018-ലെ ഉത്തരവ് 1581/18/തസ്വഭവ ഉത്തരവ് പുനസ്ഥാപിക്കണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** 05.08.2019-ലെ 1683/2019-ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ (20.06.2019 ഖണ്ഡിക 2.4.17) 11.06.2018-ലെ 1581/2018/തസ്വഭവ ഉത്തരവ് റദ്ദാക്കാൻ തീരുമാനിച്ചിരുന്നില്ല എന്നു യോഗം നിരീക്ഷിച്ചു. അതിനാൽ 11.06.2018-ലെ 1581/2018/ തസ്വഭവ ഉത്തരവ് റദ്ദാക്കിയ നടപടി പുനഃപരിശോധിക്കാനും കെൽട്രോൺ നിർമ്മിക്കുന്ന LED

ഉല്പന്നങ്ങളും ശ്രവണ സഹായികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുമതി നൽകാനും തീരുമാനിച്ചു. ഈ വിവരം സ്റ്റോർ പർച്ചേസ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.60 കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2019-ലെ കത്ത് ( SRG 711/19 - CC/342/19)

***പ്രോ.നം. 255/20*** ***അടങ്കൽ 30,00,000/- രൂപ(തനത് ഫണ്ട്)***

***പേര്:- ഇടമുളയ്ക്കൽ ഗവ. LPS - മുതൽ ഐസ് പ്ലാന്റ് വരെയുള്ള ഭാഗത്ത് CC-TV ക്യാമറ സ്ഥാപിക്കൽ***

മാലിന്യ പ്രശ്നം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഇടമുളയ്ക്കൽ LPS മുതൽ ഐസ് പ്ലാന്റുവരെയുള്ള ഭാഗത്ത് CCTV ക്യാമറ സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. CCTV മോണിറ്റർ ചെയ്യാനും തുടർ നടപടി സ്വീകരിക്കാനും ക്രമീകരണം ഉണ്ടാകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**(യോഗം 5.00 മണിക്ക് അവസാനിച്ചു)**

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ) തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5 ഡയറക്ടർ, നഗരകാര്യ വകുപ്പ്
6 ഗ്രാമവികസന കമ്മീഷണർ
7 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
8 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
9 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
10 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
11 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
12 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്(പ്രതിനിധി)
13 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
14 ഡയറക്ടർ, വനിതാശിശുക്ഷേമ വകുപ്പ്(പ്രതിനിധി)
15 ഡയറക്ടർ, കില
16 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
17 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
18 സ്റ്റേറ്റ് കൺസൽട്ടന്റ്. ആർദ്രം മിഷൻ
19 പ്രിൻസിപ്പൽ സെക്രട്ടറി ഫിനാൻസ് (പ്രതിനിധി)